ബാല
കുസുമം
മാസിക

പുസ്തകം 13
ലക്കം 08
2026 സെപ്തംബർ

# ബോംബെ ഡക്ക്

**പേ**രു കേട്ടാൽ തോന്നും ബോംബെയിൽ കാണുന്ന ഏതോ അപൂർവയിനം താറാവാണെന്ന്. എന്നാൽ അങ്ങനെയല്ല; ബോംബെയിൽ ലഭിക്കുന്ന ഒരിനം മത്സ്യമാണ് ബോംബെ ഡക്ക്. മഹാരാഷ്ട്രയിലും കൊങ്കൺ മേഖലയിലും വളരെ പ്രസിദ്ധമാണ് ഈ മത്സ്യം. മറാത്തിയിൽ ബോംബിൽ (Bombil) എന്നറിയപ്പെടുന്ന ഈ മത്സ്യത്തിന് ബോംബെ ഡക്ക് എന്ന പേരു വന്നതിനു പിന്നിൽ ഒരു കഥയുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് ബംഗാളിലും മറ്റും ബോംബിൽമത്സ്യത്തിന് വലിയ പ്രിയമായിരുന്നു. ബോംബെയിൽ നിന്ന് കൊൽക്കത്തയിലേക്ക് മെയിൽ തീവണ്ടി വഴി ധാരാളം ഉണക്കമത്സ്യം അയച്ചിരുന്നു. ഹിന്ദിയിൽ മെയിലിന് ഡാക് (Daak) എന്നാണല്ലോ പറയുക. അതുകൊണ്ട് മെയിൽ തീവണ്ടി വഴി വരുന്ന ഈ മത്സ്യത്തിന് നാട്ടുകാർ 'ബോംബെ ഡാക്' എന്നു പേരിട്ടു. ഇംഗ്ലീഷുകാരായ തീവണ്ടി ജീവനക്കാർ ഇത് 'ബോംബെ ഡക്ക്' ആയി തെറ്റിദ്ധരിച്ചു. പിന്നീട്, മത്സ്യത്തിന്റെ യഥാർത്ഥ പേരായ 'ബോംബിൽ' ഇംഗ്ലീഷുകാർ തിരിച്ചറിഞ്ഞെങ്കിലും നാവിനു വഴങ്ങിയ 'ബോംബെ ഡക്കു' തന്നെയായി മത്സ്യത്തിന്റെ പേര്.



# സർവ്വം മായ!

**ലോ**കത്തുള്ള സർവ്വതും മായയാണെന്നും യാഥാർത്ഥ്യമായി ഒന്നുമില്ലെന്നുമായിരുന്നു ഗുരുവിന്റെ വിശ്വാസം. ശിഷ്യന്മാരെ പറഞ്ഞു പഠിപ്പിച്ചിരുന്നതും അതുതന്നെ.

ഒരിക്കൽ ഗുരു ശിഷ്യന്മാരോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് ദൂരെനിന്ന് മദമിളകിയ ഒരാന ഓടിവരുന്നത് കണ്ടത്. ഉടനെ, എല്ലാവരും എഴുന്നേറ്റ് ഓടാൻ തുടങ്ങി. ഓടുന്നതിനിടെ ഗുരു ഒരു ചെളിക്കുഴിയിൽ വീണുപോയി. 'ആന ഇവിടെയെത്തും മുമ്പ് എന്നെ രക്ഷിക്കൂ...' ഗുരു ശിഷ്യന്മാരോട് ആവശ്യപ്പെട്ടു.

ശിഷ്യന്മാരിൽ ഒരാൾ ചോദിച്ചു: 'ഗുരോ, മദമിളകിയ ആനയും ഈ ചെളിക്കുഴിയുമെല്ലാം മായയാണോ?'

ഗുരു താണുകേണപേക്ഷിച്ചു: 'അതൊക്കെ പിന്നെ പറയാം. ഇപ്പോൾ എന്നെ ഒന്ന് രക്ഷപ്പെടുത്തൂ.'

ശിഷ്യന്മാർ ഗുരുവിന്റെ കൈ പിടിച്ച് ചെളിക്കുഴിയിൽ നിന്ന് കര കയറ്റി. രക്ഷപ്പെട്ടപ്പോൾ ഗുരു പറഞ്ഞു: 'ആന വന്നതും ഞാൻ ഓടിയതും ചെളി


**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്‌യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ-ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

ക്കുഴിയിൽ വീണതുമെല്ലാം മായ തന്നെ. എന്താ സംശയം?'

'അങ്ങ് കുഴിയിലായിരുന്നപ്പോഴാണിങ്ങനെ പറഞ്ഞിരുന്നതെങ്കിൽ ഞങ്ങൾ അങ്ങയെ രക്ഷപ്പെടുത്തുമായിരുന്നില്ല' എന്നു പറഞ്ഞ് ഒരു ശിഷ്യൻ ഗുരുവിനെ ചെളിക്കുഴിയിലേക്ക് തന്നെ തള്ളിയിട്ടു.

അപ്പോൾ ഗുരു കരഞ്ഞുകൊണ്ടു വിളിച്ചുപറഞ്ഞു:

'ഇതുവരെ സംഭവിച്ചതെല്ലാം യാഥാർത്ഥ്യം തന്നെയാണേ, എന്നെ രക്ഷിക്കണേ...' ഗുരുവിന്റെ നിലവിളിക്ക് ചെവി കൊടുക്കാതെ അവർ നടന്നകന്നു.

### സാരാനാഥ് പൈതൃകപ്പട്ടികയിൽ

ദക്ഷിണ കൊറിയയിലെ ബുസാനിൽ നടന്ന യുനെസ്കോ ലോക പൈതൃകസമിതിയുടെ 48-ാമത് സെഷനിൽ ഉത്തർപ്രദേശിലെ പുരാതന ബുദ്ധമത കേന്ദ്രമായ സാരാനാഥിനെയും ഗ്രീസിലെ ഒളിമ്പസ് പർവതത്തെയും ലോക പൈതൃകകേന്ദ്ര പട്ടികയിലുൾപ്പെടുത്തി. ഇന്ത്യയിലെ 45-ാമത്തെയും ഉത്തർപ്രദേശിലെ നാലാമത്തെയും ലോകപൈതൃക കേന്ദ്രമാണ് സാരാനാഥ്.




സഫർ
പിടിച്ചോ, വിടരുത്.
ബാഗ് പരിശോധിക്ക്, എന്തെങ്കിലുമുണ്ടാവും.
പ്ലീസ്, ഫോണും പുസ്തകവും എടുക്കല്ലേ. വാങ്ങിയ പൈസ ഞാൻ തരാം.
എന്നാൽ പണമെടുക്ക്.
ഇപ്പോഴില്ല, രണ്ടു ദിവസം കൂടി കഴിയട്ടെ.
ബഹളം കേട്ട് സഫർ വീട്ടിൽ നിന്നിറങ്ങി വന്നു.
അസ്സലാമു അലൈക്കും.
വ അലൈക്കുമുസ്സലാം. ങേ, സഫറോ?
എന്താ പ്രശ്നം? എന്തിനാണീ കുട്ടിയെ പിടിച്ചുവെച്ചത്?


സഫറേ, ഇവൻ എന്നോട് 500 രൂപ കടം വാങ്ങിയിട്ട് മാസം രണ്ടായി. ചോദിക്കുമ്പോ പറയും; നാളെത്തരാം, മറ്റന്നാൾ തരാം എന്നൊക്കെ. പറഞ്ഞു പറ്റിക്കുകയാണിവൻ. ഇനി വിടാൻ പറ്റൂല.
ഇവർ പറയുന്നത് ശരിയാണോ?
ഓ, ഞാൻ 500 രൂപ കടം വാങ്ങിയിരുന്നു.
എന്നിട്ടെന്താ കടം വീട്ടാത്തത്?
ഇല്ലാഞ്ഞിട്ടാ, ഉപ്പയ്ക്ക് പണിയില്ല.
എന്തിനാ കടം വാങ്ങിയത്?
ഫീസ് കൊടുക്കാൻ തികയാത്തതുകൊണ്ട് വാങ്ങിയതാ.
എടോ, നിനക്കിവന് ഒരാഴ്ച കൂടി അവധി കൊടുത്തുകൂടെ?


ഇനി കൊടുക്കാൻ പറ്റൂല സഫറേ, ഇവൻ പറഞ്ഞു പറ്റിക്ക്വാ.
സത്യമാണ്. ഉപ്പാക്ക് പണി കിട്ടിയാൽ വേഗം കൊടുക്കും.
സത്യമാണോ നീ പറയുന്നത്?
എടോ, നീയവനെ വിട്. അവൻ തന്നില്ലെങ്കിൽ ഞാൻ തരാം.
സഫർ പറഞ്ഞാൽ എനിക്ക് വിശ്വാസമാണ്. (എന്ന് പറഞ്ഞ് ആ വിദ്യാർത്ഥിയെ വിടുന്നു)
ശരി, എനിക്ക് നിങ്ങളോട് എല്ലാവരോടുമായി ചില കാര്യങ്ങൾ പറയാനുണ്ട്.
പറഞ്ഞോ സഫറേ, ഞങ്ങൾ കേൾക്കാം.



പണം തിരിച്ചുകൊടുക്കില്ലെന്നുറപ്പിച്ച് കടം വാങ്ങുന്നവൻ നാളെ അല്ലാഹുവിന്റടുക്കൽ കള്ളനായിരിക്കുമെന്ന് മുത്തുനബി(സ) പറഞ്ഞിട്ടുണ്ട്.
ഞാൻ തിരിച്ചു കൊടുക്കുമെന്ന ഉറപ്പോടെയാണ് കടം വാങ്ങിയത്.
ശരി, കടം കൊടുത്തവനും ചില കാര്യങ്ങൾ മനസ്സിലാക്കണം. കടം വീട്ടുന്നതിന് സമയം നീട്ടിക്കൊടുത്താലും വലിയ പ്രതിഫലമുണ്ടെന്ന് മുത്തുനബി(സ) പറഞ്ഞിട്ടുണ്ട്.
എന്തു പ്രതിഫലം?
നീട്ടിക്കൊടുക്കുന്ന ഓരോ ദിവസത്തിനും അത്രയും സംഖ്യ ദാനം ചെയ്ത പ്രതിഫലം കടം കൊടുത്തവന് കിട്ടും.
എന്നാൽ, അവൻ ആ പണം ഉണ്ടാകുമ്പോ തന്നാൽ മതി. അത്രയും ദിവസം 500 രൂപ വീതം ദാനം ചെയ്ത പ്രതിഫലം എനിക്ക് കിട്ടുമല്ലോ.
തീർച്ചയായും കിട്ടും. മുത്തുനബി(സ) പറഞ്ഞ കാര്യം ഉറപ്പാണ്.
അതൊരു വലിയ നേട്ടമാണല്ലോ.



ഷാക്കിർ തോട്ടിക്കൽ

# ഇന്ത്യയിലെ വിഷപ്പാമ്പുകൾ

**കൂ**ട്ടുകാർക്കറിയാമോ, ഇന്ത്യയിൽ മുന്നൂറിലധികം പാമ്പുവർഗങ്ങളുണ്ട്. അവയിൽ ഏകദേശം 60 ഇനങ്ങൾ വിഷമുള്ളവയാണ്. ഏറ്റവും കൂടുതൽ വിഷമുള്ള 10 പാമ്പുകളെക്കുറിച്ചു വായിക്കാം:

## വെള്ളിക്കെട്ടൻ
(Common Krait)

ഏറ്റവും വിഷവീര്യമുള്ള ബിഗ്ഫോർ ഇനത്തിൽപ്പെട്ട പാമ്പാണ് വെള്ളിക്കെട്ടൻ. ശംഖുവരയൻ, മോതിരവളയൻ, എട്ടടിവീരൻ എന്നീ പേരുകളിലും അറിയപ്പെടുന്നു. ഞരമ്പുകളെ ബാധിക്കുന്ന വിഷമാണ് ഇവയുടേത്.

## ചേനത്തണ്ടൻ
(Russell's Viper)

ബിഗ്ഫോർ ഇനത്തിൽപ്പെട്ട മറ്റൊരു പാമ്പാണ് അണലി എന്നറിയപ്പെടുന്ന ചേനത്തണ്ടൻ. വട്ടക്കൂറ, പയ്യാന മണ്ഡലി, കണ്ണാടി വിരിയൻ, മൺചട്ടി, കുതിരക്കുളമ്പൻ എന്നീ പേരുകളുമുണ്ട് ഈ പാമ്പിന്. രക്തചംക്രമണ വ്യവസ്ഥയെ ബാധിക്കുന്ന ഇവയുടെ വിഷമേറ്റാൽ കഠിനമായ വേദനയും നീരും രക്തസ്രാവവും ഉണ്ടാകാറുണ്ട്.

## ചുരുട്ട മണ്ഡലി
(Indian Cobra)

മാരകവിഷമുള്ള മറ്റൊരിനമാണ് ചെറിയ പാമ്പായ ചുരുട്ടമണ്ഡ

ലി. ചുരുട്ടയണലി, ശൽക്കഅണലി, രക്തഅണലി എന്നീ പേരിലും അറിയപ്പെടുന്നു. അപകടസൂചന ലഭിക്കുമ്പോൾ ശരീരം മടക്കി ചെതുമ്പലുകൾ തമ്മിൽ ഉരസി ഈർച്ചവാൾ കൊണ്ട് മുറിക്കുന്നതു പോലുള്ള ശബ്ദമുണ്ടാക്കുന്നതു കാരണം ഈർച്ചവാൾ അണലി എന്നൊരു പേരുകൂടിയുണ്ട് ഇവയ്ക്ക്.

## മൂർഖൻ
(Saw-Scaled Viper)

ബിഗ്ഫോർ കുടുംബത്തിലെ പത്തിയുള്ള വിഷപ്പാമ്പാണ് മൂർഖൻ. നാഡീവ്യൂഹത്തെയും ഞരമ്പുകളെയും ബാധിക്കുന്ന ഉഗ്രവിഷമാണ് മൂർഖന്റേത്. കടിയേറ്റാൽ കാഴ്ച മങ്ങൽ, ശ്വാസതടസ്സം, മയക്കം എന്നിവയുണ്ടാകാം. അപായസൂചന ലഭിക്കുമ്പോൾ തലയുയർത്തി പത്തി വിടർത്തുന്നതാണ് ഇവയുടെ പ്രധാന പ്രത്യേകത.

## രാജവെമ്പാല
(King Cobra)

ലോകത്തിലെ ഏറ്റവും നീളമേറിയ വിഷപ്പാമ്പാണ് രാജവെമ്പാല. സാധാരണയായി 12 മുതൽ 18 അടി വരെ നീളം വയ്ക്കാറുള്ള ഇവയ്ക്ക് പാമ്പുതീനി എന്നൊരു പേരു കൂടിയുണ്ട്. വിഷമുള്ളതും ഇല്ലാത്തതുമായ മറ്റു പാമ്പുകളെ











ആഹാരമാക്കുന്നതു കൊണ്ടാണ് ഈ പേര് ലഭിച്ചത്. ഒറ്റക്കടിയിൽ ഒരു ആനെയെപ്പോലും കൊല്ലാൻ തക്ക വിഷം പുറത്തുവിടാൻ ഇവയ്ക്ക് കഴിയും. സ്വന്തമായി കൂടുണ്ടാക്കി മുട്ടയിട്ട് കാവലിരിക്കുന്ന ലോകത്തിലെ ഏക പാമ്പാണ് രാജവെമ്പാല.

## മഞ്ഞവരയൻ
## (Banded Krait)

വെള്ളിക്കെട്ടന്റെ അടുത്ത ബന്ധുവാണെങ്കിലും ശരീരത്തിൽ മഞ്ഞയും കറുപ്പും ഇടകലർന്ന വരകളുള്ള ഇവയെ എളുപ്പത്തിൽ തിരിച്ചറിയാം. സാധാരണയായി 5 മുതൽ 7 അടി വരെ നീളം വയ്ക്കാറുള്ള ഇവയുടെ വാലറ്റം ഒടിഞ്ഞു മടങ്ങിയതുപോലെയാണ് കാണപ്പെടുക. രാത്രി സഞ്ചാരികളായ ഇവയ്ക്ക് വിഷമില്ലാത്ത പാമ്പുകളെ വേട്ടയാടിത്തിന്നാനാണ് കൂടുതൽ താല്പര്യം.

## മുഴമൂക്കൻ കുഴിമണ്ഡലി
## (Hump-Nosed Pit Viper)

കേരളത്തിലും ശ്രീലങ്കയിലും വ്യാപകമായി കാണപ്പെടുന്ന ഒരിനം വിഷപ്പാമ്പാണ് മുഴമൂക്കൻ കുഴിമണ്ഡലി. വലിപ്പം കുറവാണെങ്കിലും (30 മുതൽ 50 സെന്റീമീറ്റർ വരെ മാത്രം നീളം) രക്തചംക്രമണ വ്യവസ്ഥയെയും വൃക്കകളെയും ബാധിക്കുന്ന വിഷമാണ് ഇവയ്ക്കുള്ളത്. കടിയേറ്റാൽ കൃത്യമായ ചികിത്സ ലഭിച്ചില്ലെങ്കിൽ വൃക്ക തകരാറിലാകാനിടയുണ്ട്.

## ഒറ്റക്കണ്ണൻ മൂർഖൻ
## (Monocled Cobra)

ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പശ്ചിമബംഗാളിലും വ്യാപകമായി കാണപ്പെടുന്ന പത്തിയുള്ള ഒരിനം വിഷപ്പാമ്പാണിത്. പത്തിയുടെ പിൻഭാഗത്തുള്ള ഒറ്റക്കണ്ണിന്റെ ആകൃതിയിലുള്ള അടയാളമാണ് ഈ പേരിനു കാരണം. നാഡീവ്യൂഹത്തെയും രക്തചംക്രമണത്തെയും ബാധിക്കുന്ന ഉഗ്രവിഷമാണ് ഇവയ്ക്കുള്ളത്. സാധാരണ മൂർഖനെക്കാൾ

# വെളിച്ചമാകാം



സൂര്യൻ ചന്ദ്രൻ
താരഗണങ്ങൾ
നിത്യം വെട്ടം
വിതറുന്നു.
നമുക്കുമാകാം
അവയെപ്പോലെ
കർമം കൃത്യം
ചെയ്തെങ്കിൽ!



പിവിഎസ് പടിക്കൽ

വേഗത്തിൽ പ്രകോപിതരാകുന്ന ഇവ വെള്ളത്തിലും ഈർപ്പമുള്ള പ്രദേശങ്ങളിലും ജീവിക്കാനിഷ്ടപ്പെടുന്നവയാണ്.

## മലബാർ കുഴിമണ്ഡലി
(Malabar Pit Viper)

കേരളത്തിലെ പശ്ചിമഘട്ടമലനിരകളിൽ കാണപ്പെടുന്ന ഭംഗിയേറിയ ഒരിനം വിഷപ്പാമ്പാണിത്. ചോലമണ്ഡലി എന്നും പേരുണ്ട്. ശരീരത്തിന്റെ നിറവൈവിധ്യമാണ് ഇവയുടെ ഏറ്റവും വലിയ പ്രത്യേകത. പച്ച, മഞ്ഞ, നീല, തവിട്ട്, ഓറഞ്ച് എന്നിങ്ങനെ പല നിറങ്ങളിൽ ചോലമണ്ഡലികളെ കാണാം. രക്തചംക്രമണ വ്യവസ്ഥയെ ബാധിക്കുന്ന വിഷമാണുള്ളതെങ്കിലും ഇവയുടെ കടി സാധാരണ മനുഷ്യരിൽ മരണകാരണമാകാറില്ല.

## എഴുത്താണി മൂർഖൻ
(Slender Coral Snake)

കേരളത്തിലെയും ദക്ഷിണേന്ത്യയിലെയും കാടുകളിലും പുൽമേടുകളിലും കാണപ്പെടുന്ന ചെറിയയിനം വിഷപ്പാമ്പാണിവ. പവിഴപ്പാമ്പ് എന്ന പേരും ഇവയ്ക്കുണ്ട്. വലുപ്പത്തിൽ വളരെ ചെറുതാണെങ്കിലും മൂർഖനും വെള്ളിക്കെട്ടനും ഉൾപ്പെടുന്ന അത്യധികം വിഷവീര്യമുള്ള കുടുംബത്തിൽപ്പെട്ട പാമ്പാണിത്.

മാലിക് ഇരിങ്ങല്ലൂർ

# കാണാതായ ഒട്ടകം

**പ**ണ്ടുപണ്ട്, അറേബ്യയിൽ ഒരു വൃദ്ധനും നാലു മക്കളും ജീവിച്ചിരുന്നു. മുളർ, റബീഅ, ഇയാദ്, അൻമാർ എന്നായിരുന്നു മക്കളുടെ പേരുകൾ. അവർ നാലുപേരും നല്ല ബുദ്ധിശാലികളായിരുന്നു. പിതാവ് മരണപ്പെട്ടതോടെ അനന്തര സ്വത്ത് എങ്ങനെ വീതം വെക്കണമെന്നതിനെച്ചൊല്ലി അവർക്കിടയിൽ തർക്കമുണ്ടായി. ഒടുവിൽ, പിതാവിന്റെ പഴയ സുഹൃത്തും നജ്റാനിലെ പ്രശസ്ത ന്യായാധിപനുമായ 'അഫ്ശാ' എന്ന ജ്ഞാനിയെ കണ്ട് പരിഹാരം തേടാൻ അവർ തീരുമാനിച്ചു. അങ്ങനെ അവർ നാലുപേരും നജ്റാനിലേക്ക് യാത്ര തിരിച്ചു.

മരുഭൂമിയിലൂടെ നടന്നു നീങ്ങുന്നതിനിടെ വഴിയരികിൽ ഒരു പുൽമേടു കണ്ട് അവർ അവിടെ അല്പനേരം വിശ്രമിക്കാൻ തീരുമാനിച്ചു. ചുറ്റുപാടും ഒന്ന് സൂക്ഷിച്ചുനോക്കിക്കൊണ്ട് മൂത്ത സഹോദരനായ മുളർ പറഞ്ഞു: 'ഈ പുൽത്തകിടിയിൽ ഒറ്റക്കണ്ണുള്ള ഒരൊട്ടകം മേഞ്ഞു നടന്നിട്ടുണ്ട്.'

അല്പം മുന്നോട്ടു നടന്നപ്പോൾ മണ്ണിലെ കാൽപാടുകൾ ശ്രദ്ധിച്ചുകൊണ്ട് രണ്ടാമനായ റബീഅ പറഞ്ഞു:

'അതൊരു മുടന്തൻ ഒട്ടകമാണെന്നു തോന്നുന്നു!'

തൊട്ടടുത്തായി മണ്ണിൽ വീണുകിടക്കുന്ന ഒട്ടകക്കാഷ്ഠം പരിശോധിച്ചുകൊണ്ട് മൂന്നാമനായ ഇയാദ് പറഞ്ഞു:

'അതിന്റെ വാല് പകുതി മുറിഞ്ഞുപോയിട്ടുണ്ടെന്നുറപ്പാണ്.'

ഒടുവിൽ, ഏറ്റവും ഇളയവനായ അൻമാർ ചുറ്റുപാടും നോക്കി പുഞ്ചിരിയോടെ പറഞ്ഞു:

'ഒരിടത്തും അടങ്ങിയിരിക്കാതെ അങ്ങുമിങ്ങും





അലഞ്ഞുനടന്ന് മേയുന്ന ഒട്ടകമാണത്.'

അവിടെ അല്പനേരം വിശ്രമിച്ച് അവർ യാത്ര തുടർന്നു. ഏതാനും ദൂരം പിന്നിട്ടപ്പോൾ, വഴിയരികിൽ ദുഃഖിച്ചിരിക്കുന്ന ഒരു ഗ്രാമീണനെ അവർ കണ്ടു. അവരെ കണ്ടതും അയാൾ പ്രതീക്ഷയോടെ ഓടിയെത്തി.

'യാത്രക്കാരേ, വരുന്ന വഴിക്ക് എവിടെയെങ്കിലും നിങ്ങളെന്റെ ഒട്ടകത്തെ കണ്ടോ?'

അല്പനേരം ആലോചിച്ച ശേഷം മുളർ ചോദിച്ചു: 'സുഹൃത്തേ, ആ ഒട്ടകം ഒറ്റക്കണ്ണനായിരുന്നോ?'

'അതേ, അതേ! അതിന്റെ ഒരു കണ്ണ് പൊട്ടിപ്പോയിട്ടുണ്ട്!' ഗ്രാമീണന് ഇത്തിരി ആശ്വാസമായി.

ഉടനെ റബീഅ ചോദിച്ചു: 'അതിന് ചെറിയ മുടന്തുണ്ടായിരുന്നോ?'

'സബാഷ്! വളരെ കൃ

ത്യം! ഒരു കാലിന് ഒട്ടും ശേഷിയില്ലായിരുന്നു.' അയാൾ പ്രതീക്ഷയോടെ മുന്നോട്ടു ചാടി.

ഇയാദ് അടുത്ത ചോദ്യമെറിഞ്ഞു: 'അതിന്റെ വാല് മുറിഞ്ഞിട്ടുണ്ടോ?'

'അതേ, ശരിയാണ്. അത് എന്റെ ഒട്ടകം തന്നെ!'

ഒടുവിൽ അൻമാർ ചോദിച്ചു: 'ഒരിടത്തും അടങ്ങി നിൽക്കാതെ അലഞ്ഞുതിരിഞ്ഞു മേയുന്ന ഒട്ടകമാണോ അത്?'

'അതേ, എനിക്കുറപ്പായി! നിങ്ങൾ കണ്ടത് എന്റെ ഒട്ടകത്തെ തന്നെ! ഇനി അതെവിടെയാണെന്നു വേഗം പറയൂ.' ഗ്രാമീണന്റെ മുഖം സന്തോഷം കൊണ്ട് തിളങ്ങി.

എന്നാൽ, അയാളുടെ പ്രതീക്ഷകളെ തകിടം മറിച്ചുകൊണ്ട് ആ സഹോദരന്മാർ ഒരേ സ്വരത്തിൽ പറഞ്ഞു:

'സത്യമായിട്ടും താങ്കളുടെ ഒട്ടകത്തെ ഞങ്ങൾ കണ്ടിട്ടില്ല!'

അതു കേട്ടപ്പോൾ ഗ്രാമീണന് ദേഷ്യവും സങ്കടവും സഹിക്കാനായില്ല. 'നിങ്ങൾ കള്ളം പറയുകയാണ്. ഒട്ടകത്തെ കാണാതെ നിങ്ങൾക്ക് ഒരിക്കലും ഇത്ര കൃത്യമായി അതിന്റെ ന്യൂനതകൾ പറയാനാവില്ല. എന്റെ ഒട്ടകത്തെ നിങ്ങൾ എവിടെയോ ഒളിപ്പിച്ചുവെച്ചിട്ടുണ്ട്!'

അയാൾ അവരുടെ പിന്നാലെ കൂടി. ഒടുവിൽ തർക്കം പരിഹരിക്കാനായി ഗ്രാമീണനെയും കൂട്ടി സഹോദരന്മാർ അഫ്ശായുടെ കോടതിയിലെത്തി. ന്യായാധിപനായ അഫ്ശായോട് ഗ്രാമീണൻ പരിഭവം പറഞ്ഞു: 'ബഹുമാനപ്പെട്ടവരേ, എന്റെ ഒട്ടകത്തെ ഇവർ മോഷ്ടിച്ചിട്ടുണ്ട്. ഒട്ടകത്തിന്റെ കണ്ണിന്റെയും കാലിന്റെയും വാലിന്റെയും ലക്ഷണം വരെ ഇവർ കൃത്യമായി പറഞ്ഞു. എന്നിട്ടിപ്പോൾ കണ്ടിട്ടേയില്ലെന്ന് കള്ളം പറയുന്നു!'

അഫ്ശാ സഹോദരന്മാരോട് ചോദിച്ചു: 'ഒട്ടകത്തെ കണാതെ ഈ ലക്ഷണങ്ങൾ നിങ്ങൾ കൃത്യമായി അറിഞ്ഞതെങ്ങനെ?'

മുളർ പറഞ്ഞു: 'പുൽമേട് നിരീക്ഷിച്ചപ്പോൾ, വഴിയുടെ ഒരു ഭാഗത്തുള്ള പുല്ല് മാത്രമാണ് ഒട്ടകം തിന്നതെന്ന് എനിക്ക് മനസ്സിലായി. മറുഭാഗത്തുള്ള പുല്ല് തൊട്ടിട്ടുപോലുമില്ല. ഒരു കണ്ണിന് കാഴ്ച

യില്ലാത്ത ഒട്ടകമേ അങ്ങനെ തിന്നൂ. അങ്ങനെയാണ് അത് ഒറ്റക്കണ്ണനാണെന്ന് ഞാൻ മനസ്സിലാക്കിയത്.'

അടുത്തതായി റബീഅ പറഞ്ഞു: 'മണലിൽ പതിഞ്ഞിരിക്കുന്ന ഒട്ടകത്തിന്റെ കാൽപാടുകൾ ശ്രദ്ധിച്ചപ്പോൾ ഒരു കാൽപ്പാട് വളരെ നേർത്തതായി ഞാൻ കണ്ടു. ഭാരം മുഴുവൻ മറ്റു കാലുകളിൽ കൊടുത്തു നടന്നതുകൊണ്ടാണങ്ങനെ സംഭവിച്ചത്. അങ്ങനെയാണ് ഒട്ടകത്തിന് മുടന്തുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞത്.'

തുടർന്ന് ഇയാദ് തന്റെ നിരീക്ഷണം പങ്കുവെച്ചു: 'ഒട്ടകങ്ങൾ കാഷ്ഠിക്കുമ്പോൾ പൊതുവെ വാലാട്ടാറുണ്ട്, അപ്പോൾ കാഷ്ഠം ചിതറിയാണ് വീഴുക. എന്നാൽ, ഈ ഒട്ടകത്തിന്റെ കാഷ്ഠം ഒന്നിനുമേൽ ഒന്നായി കൂടിക്കിടക്കുന്നതായി ഞാൻ ശ്രദ്ധിച്ചു. വാലു മുറിഞ്ഞതുകൊണ്ടാണതെന്ന് ഞാൻ മനസ്സിലാക്കി.'

ഒടുവിൽ ഇളയവനായ അൻമാർ പറഞ്ഞു: 'ഒട്ടകങ്ങൾ പൊതുവെ ഒരിടത്ത് മേഞ്ഞാൽ അവിടുത്തെ പുല്ല് മുഴുവൻ തിന്നു തീർക്കാറാണ് പതിവ്. എന്നാൽ, ഈ ഒട്ടകം ഒരിടത്തും പൂർണമായി മേഞ്ഞിട്ടില്ലെന്ന് ഞാൻ മനസ്സിലാക്കി. പലയിടങ്ങളിലായാണത് മേഞ്ഞിരിക്കുന്നത്. അലഞ്ഞുതിരിയുന്ന ഒട്ടകങ്ങളുടെ ശീലമാണതെന്ന് എനിക്കറിയാമായിരുന്നു.'

നാലുപേരുടെയും അതിശയകരമായ നിരീക്ഷണപാടവം കേട്ടറിഞ്ഞ ന്യായാധിപൻ അഫ്ശാ അത്ഭുതപ്പെട്ടുപോയി! അദ്ദേഹം ഗ്രാമീണനോട് പറഞ്ഞു: 'സുഹൃത്തേ, ഇവർ താങ്കളുടെ ഒട്ടകത്തെ ഒളിപ്പിച്ചിട്ടില്ല, നേരിട്ട് കണ്ടിട്ടുപോലുമില്ല. ലക്ഷണങ്ങൾ കണ്ട് കാര്യങ്ങൾ മനസ്സിലാക്കാൻ അസാമാന്യ കഴിവുള്ള ബുദ്ധിമാന്മാരാണിവർ. സമയം കളയാതെ താങ്കളുടെ ഒട്ടകത്തെ അതുവഴിയെവിടെയെങ്കിലും തിരഞ്ഞുനോക്കൂ.'

ന്യായാധിപന്റെ വിധി കേട്ട ഗ്രാമീണന് കാര്യം മനസ്സിലായി. അയാൾ വന്നവഴിക്കുതന്നെ ഒട്ടകത്തെ അന്വേഷിച്ച് മടങ്ങി. സഹോദരന്മാരെ അഫ്ശാ അഭിനന്ദിക്കുകയും ചെയ്തു.

# തെങ്ങ് സൂപ്പറാണ് മക്കളേ

'കൂട്ടുകാരേ, നമ്മുടെ സംസ്ഥാനത്തിന്റെ പേര് കേരളം എന്നാണല്ലോ, ഈ പേരു വന്നത് എങ്ങനെയാണെന്നറിയാമോ?' അൻവർ സാറിന്റെ ചോദ്യം കേട്ട് കുട്ടികൾ മുഖത്തോടു മുഖം നോക്കി. അപ്പോൾ കുഞ്ഞുമോൻ എഴുന്നേറ്റു പറഞ്ഞു: 'കേരം വിളയുന്ന നാടായതു കൊണ്ടാ.'

'കേരം എന്നാൽ എന്താ?'

'തേങ്ങ.' കുട്ടികൾ ഒന്നിച്ചു പറഞ്ഞു.

'ങാ, തേങ്ങ. നാളികേരം എന്നും പേരുണ്ട്. ഇന്ന് നമ്മുടെ ചർച്ച തേങ്ങയെക്കുറിച്ചും തെങ്ങിനെക്കുറിച്ചുമാവാം. തേങ്ങയ്ക്കും ഒരു ദിനമുണ്ടെന്നറിയാമോ നിങ്ങൾക്ക് – ലോക നാളികേര ദിനം?'

'അയ്യോ സാറേ തേങ്ങയും തെങ്ങും അത്ര സൂപ്പറാണോ? മുറ്റത്ത് ഒരു തെങ്ങുണ്ടായിട്ട് തോറ്റിരിക്കാണങ്ങള്. തേങ്ങ ഉണങ്ങി വീഴും, കരിക്ക് വീഴും, ഓല വീഴും. സാറേ, മുറ്റത്തിറങ്ങി കളിക്കാൻ അമ്മ വിടൂല.'

നേഹ ഒറ്റ ശ്വാസത്തിൽ പറഞ്ഞപ്പോൾ സാറ് ചിരിച്ചുപോയി; കൂടെ കുട്ടികളും.

'അതിന് ഒരു തെങ്ങുകയറ്റക്കാരനെ വിളിച്ച് തേങ്ങ പറിച്ചെടുത്താൽ പോരേ?'

'തെങ്ങുകയറ്റക്കാരെ കിട്ടാനില്ലെന്നാ അച്ഛൻ പറഞ്ഞത്. നമ്മൾക്ക് അതിനുമേൽ വലിഞ്ഞുകയറാൻ പറ്റുകയുമില്ലല്ലോ.'

നേഹയുടെ മറുപടി കേട്ട് ക്ലാസിൽ കൂട്ടച്ചിരി മുഴങ്ങി.

'അതിന് നമ്മൾക്ക് പരിഹാരം കാണാം' എന്നു പറഞ്ഞ് അവളെ സമാധാനിപ്പിച്ച് സാറ് തുടർന്നു ചോദിച്ചു: 'ലോക നാളികേര ദിനം എന്നാണെന്നറിയാമോ?'

ആരും ഒന്നും മിണ്ടാ

താായപ്പോൾ കു
ഞ്ഞുമോൻ സം
ശയത്തോടെ
ചോദിച്ചു: 'സെപ്
റ്റംബർ രണ്ടാണോ
സാറേ?'

'വെരിഗുഡ്! സെപ്റ്റംബർ രണ്ടുതന്നെ. നാളെയാണല്ലോ ആ ദിനം. നമുക്ക് ഇന്നത്തെ ചർച്ച തെങ്ങിനെക്കുറിച്ചാവാം. എന്താ' എന്നു പറഞ്ഞുകൊണ്ട് സാർ ബോർഡിൽ എഴുതി: സെപ്റ്റംബർ 2 ലോക നാളികേരദിനം.



'നിങ്ങളുടെയൊക്കെ വീടുകളിൽ തെങ്ങുകളില്ലേ?'

'ഉണ്ട് സാർ. എന്റെ വീട്ടിൽ രണ്ടു തെങ്ങുണ്ട്... എന്റെ വീട്ടിൽ ആറ്... എന്റെ വീട്ടിൽ പത്ത്... എന്റെ വീട്ടിൽ ഒന്നേയുള്ളൂ... ഞങ്ങൾക്കൊരു തെങ്ങിൽതോട്ടമുണ്ട് സാറേ...' കുട്ടികൾ വിളിച്ചു പറയാൻ തുടങ്ങി.

'ശരി. തെങ്ങിനു കൽപവൃക്ഷം എന്നൊരു പേരുമുണ്ട്.'

'കല്പവൃക്ഷമോ, അങ്ങനെ പറഞ്ഞാൽ?' റിയാസ് നെറ്റി ചുളിച്ചുകൊണ്ട് ചോദിച്ചു.

'ഹിന്ദുമത വിശ്വാസപ്രകാരം കൽപവൃക്ഷം സ്വർഗ്ഗത്തിലെ ഒരു മരമാണ്. ആ



മരത്തിനു ചുവട്ടിൽ ചെന്ന് എന്തു ചോദിച്ചാലും മരം കൊടുക്കുമത്രെ!'

'അതു കൊള്ളാലോ. അത്തരമൊരു മരത്തിന്റെ തൈ കിട്ടുമോ സാറേ നട്ടുപിടിപ്പിക്കാൻ?' റിയാസിന്റെ ചോദ്യം ക്ലാസിൽ ചിരി പടർത്തി.

'അതിനു സ്വർഗ്ഗത്തിൽ പോകണമെടോ. ഇവിടെ ദുനിയാവിലെ കല്പവൃക്ഷത്തിന്റെ കാര്യമാണ് നമ്മൾ പറയുന്നത്. ഒരുപാട് ഉപകാരങ്ങളുള്ള മരമാണ് തെങ്ങ് എന്ന പറയുന്ന കല്പവൃക്ഷം.'

'തെങ്ങിൽ നിന്ന് തേങ്ങ മാത്രമല്ലേ കിട്ടൂ സാറേ?' അനീസക്കു സംശയം.

'അല്ല, തെങ്ങിന്റെ വേരു മുതൽ കൂമ്പു വരെ എല്ലാം നമുക്ക് ഉപകാരമുള്ളതാണ്.'

'അതിനൊക്കെ എന്തുപകാരമാ?'

'പറയാം. ശ്രദ്ധിച്ചു കേട്ടോളൂ: തെങ്ങിന്റെ പൂക്കുല വിലയേറിയ ഔഷധമാ

ണ്. ഇളനീരിന്റെ കാര്യം പറയുകയും വേണ്ട. എല്ലാ ക്ഷീണവും തളർച്ചയുമക റ്റുന്ന ഒന്നാന്തരം പാനീയ മാണ്. തേങ്ങയാവട്ടെ, ഏത് ഭക്ഷണത്തിനും നല്ല രുചി നൽകുന്നതും ആരോഗ്യം പോഷിപ്പിക്കുന്നതുമാണ്. തേങ്ങയിൽ നിന്നുണ്ടാ ക്കുന്ന വെളിച്ചണ്ണയോളം നല്ല മറ്റൊരു എണ്ണയുമില്ല. തേങ്ങ വിറ്റാൽ നല്ല വില യും കിട്ടും. പഴയകാലത്ത് കേരളത്തിലെ ജനങ്ങളുടെ മുഖ്യവരുമാനം തേങ്ങയി ലൂടെ കിട്ടുന്ന പണമായിരു ന്നു. തേങ്ങാവെള്ളവും നല്ല ഔഷധവും പനീയവുമാണ് കേട്ടോ. എവിടെ നിന്ന് കി ട്ടിയാലും വാങ്ങിക്കുടിക്കാൻ മടിക്കേണ്ട. അത്രയും ശുദ്ധ മായ പാനീയം വേറെ കിട്ടാ നില്ല. തേങ്ങയുടെ ചിരട്ടയും തൊണ്ടും ചകിരിയും ഓല യുമൊക്കെ വലിയ ഉപകാര മുള്ള വസ്തുക്കളാണ്.'

'അതിനുമുണ്ടോ സാറേ അത്രവലിയ ഉപകാരങ്ങ ളൊക്കെ?'

'അതേ, ഉണ്ട്. ചകിരിയിൽ നിന്നാണ് പല ഉൽപ്പന്നങ്ങ ളും ഉണ്ടാക്കുന്ന ചകിരിനാര് എടുക്കുന്നത്. ചകിരിച്ചോറി നും നല്ല വിലയുണ്ട്. കൃഷി കൾക്കാണത് ഉപയോഗപ്പെ ടുത്തുന്നത്. ചിരട്ട കൊണ്ട് പല വിലകൂടിയ കരകൗശല വസ്തുക്കളും മാല, കമ്മൽ, കീ ചെയിൻ, കളിപ്പാട്ടങ്ങൾ, തവി തുടങ്ങിയവയുമുണ്ടാ ക്കുന്നു. ചിരട്ടക്കരിയും നല്ല വിലയുള്ളതാണ്. ചിരട്ടയിൽ നിന്ന് ചില ഓയിലുകളും ഉത്പാദിക്കുന്നുണ്ടത്രെ! ഓല പലതരം നെയ്ത്തുപാ യകൾക്ക് ഉപയോഗിക്കുന്നു ണ്ട്. ഈർക്കിൽ കൊണ്ടു ണ്ടാക്കുന്ന ചൂലിന്റെ ഗുണം ഒന്നു വേറെത്തന്നെയാണ്. അടുപ്പിൽ വിറകായും ഉപയോഗിക്കുന്നുണ്ടല്ലോ ഓലയും മടലും ചിരട്ടയും ചകിരിയും തടിയുമൊക്കെ. പണ്ട് വീടുകളുടെ മേൽക്കൂര പണിയാൻ പ്രധാനമായും തെങ്ങിൻതടിയാണ് ഉപയോ ഗിച്ചിരുന്നത്; മേയാൻ തെ ങ്ങോലയും.'

'അപ്പോ തെങ്ങ് സൂപ്പർ തന്നെയാണല്ലേ സാറേ?' മർ യം അഭിപ്രായപ്പെട്ടു.

'പറയാനുണ്ടോ തെങ്ങ് സൂപ്പർ തന്നെ.'

'എന്നാൽ എന്റെ വീട്ടിലെ തെങ്ങു മുറിക്കാൻ ഞാൻ സമ്മതിക്കില്ല സാറേ...' നേഹ എഴുന്നേറ്റുനിന്നു പ്രഖ്യാപിച്ചു. കുട്ടികൾ കൈ യടിച്ച് അവളെ അഭിനന്ദിച്ചു.

'സാറേ, ഒരു സംശയം...

## പട്ടം

വാലും നീട്ടി പട്ടം പാറി.,
നൂലിൽ കെട്ടിയ പട്ടം പാറി.
മേലേ നീലാകാശം നോക്കി,
മാലുവിൻ പട്ടം ചേലിൽ പാറി.

മാമല താണ്ടിയ കാറ്റെത്തി,
പാട്ടും പാടി മഴയെത്തി
ആലിൻ കൊമ്പിൽ പട്ടം തട്ടി.
പാവം വീണേ തലയും കുത്തി.



**വിജയവാസുദേവൻ**

കേരം വിളയുന്ന നാടായതുകൊണ്ടാണല്ലോ കേരളം എന്ന പേരു വന്നത്. കേരളത്തിൽ മാത്രമേ തെങ്ങുള്ളൂ?' കുഞ്ഞുമോൻ എഴുന്നേറ്റു നിന്ന് ചോദിച്ചു.

'അല്ല. ലോകത്ത് എൺപതിലധികം രാജ്യങ്ങളിൽ തെങ്ങുണ്ട്. ഇന്ത്യയിൽ കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലാണ് തെങ്ങ് കൂടുതൽ വളരുന്നത്. ഏറ്റവും കൂടുതൽ നാളികേരം വിളയുന്ന നാടാണ് നമ്മുടെ കേരളം. ലോകത്തിലെ നാളികേര ഉൽപാദനത്തിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. ഇത്രയൊക്കെ പോരേ തെങ്ങിനെക്കുറിച്ചുള്ള വിവരങ്ങൾ?'

'ഇതൊക്കെ മതി സാറേ... ഒരു സംശയം കൂടി, നമ്മൾ കേരളീയർ ഉണ്ടാക്കുന്നതാണോ ഈ നാളികേരദിനവും?'

'നമ്മൾ ഉണ്ടാക്കിയതല്ല മോനേ. ഏഷ്യൻ ആന്റ് പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റി എന്ന ഒരു അന്താരാഷ്ട്ര സംഘടനയുണ്ട്. എപിസിസി എന്ന ചുരുക്കപ്പേരിലാണത് അറിയപ്പെടുന്നത്. തെങ്ങ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന സംഘടനയാണിത്. 2009 ൽ ഈ സംഘടനയാണ് സെപ്റ്റംബർ 2 ലോകനാളികേരദിനമായി പ്രഖ്യാപിച്ചത്. പോരേ?'

'മതി സാറേ... മതി. തെങ്ങിന്റെ പേരിൽ നമുക്ക് അഭിമാനിക്കാമല്ലോ.'

# വാടാമല്ലിയും റോസ്ചെടിയും



സുൽത്താനുൽ ഔലിയാഅ്, ഖുതുബുൽ അഖ്ത്വാബ് തുടങ്ങിയ പേരുകളിൽ പ്രസിദ്ധനായ ആത്മജ്ഞാനികളുടെ നേതാവാണ് ശൈഖ് ജീലാനി(റ). മഹാനവർകളുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ചില ചരിത്രനുറുങ്ങുകൾ വായിക്കാം:

### ജനനം

ഹിജ്റ 470 ൽ പേർഷ്യയിലെ ജീലാൻ പ്രവിശ്യയിൽ ജനനം. നബി(സ)യുടെ പേരമക്കളായ ഹസൻ(റ), ഹുസൈൻ(റ) എന്നിവരുടെ വിശിഷ്ട പരമ്പരയിൽ.

### സത്യസന്ധത

ബാഗ്ദാദിലേക്ക് പഠനത്തിനായി പോകുമ്പോൾ ഉമ്മ വസ്ത്രത്തിനുള്ളിൽ തുന്നിച്ചേർത്തുകൊടുത്ത നാണയങ്ങളെക്കുറിച്ച് കൊള്ളക്കാരോട് അദ്ദേഹം വെളിപ്പെടുത്തിയ സംഭവം വളരെ പ്രശസ്തമാണ്. മഹാന്റെ സത്യസന്ധത കണ്ട കൊള്ളക്കാർ പശ്ചാത്തപിച്ചു നല്ലവരായി.

# ശൈഖ് ജീലാനി(റ) ആത്മീയ വെളിച്ചം



## വിദ്യാഭ്യാസം

ചെറുപ്പത്തിൽ തന്നെ ഖുർആൻ മനഃപാഠമാക്കി. ഉപരിപഠനത്തിനായി ബാഗ്ദാദിലേക്ക് പോയി. അവിടെവെച്ച് ഹദീസ്, ഫിഖ്ഹ്, തസവ്വുഫ് എന്നീ വിഷയങ്ങളിൽ അഗാധമായ അറിവ് നേടി.

## ഖാദിരിയ്യ ത്വരീഖത്ത്

ലോകമെമ്പാടും ദശലക്ഷക്കണക്കിന് അനുയായികളുള്ള, ഇസ്‌ലാമിലെ ഏറ്റവും പ്രശസ്തമായ ഖാദിരിയ്യ ത്വരീഖത്തിന്റെ സ്ഥാപകനാണ് ശൈഖ് ജീലാനി(റ).

## മുഹ്‌യിദ്ദീൻ എന്ന പദവി

പ്രബോധനങ്ങളിലൂടെ ഇസ്‌ലാമികാധ്യാപനങ്ങളെയും ആത്മീയതയെയും ജീവസ്സുറ്റതാക്കി മാറ്റിയ മഹാൻ 'മതത്തെ ജീവിപ്പിച്ചയാൾ' എന്നർത്ഥം വരുന്ന 'മുഹ്‌യിദ്ദീൻ' എന്ന പേരിലറിയപ്പെട്ടു.

## പണ്ഡിതൻ, പ്രഭാഷകൻ

ബാഗ്ദാദിലെ പ്രശസ്തമായ പാഠശാലയിൽ അധ്യാപകനായും പ്രഭാഷകനായും ശൈഖ് ജീലാനി(റ) സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ പതിനായിരക്കണക്കിനാളുകളാണ് തടിച്ചുകൂടിയിരുന്നത്.

## ഗ്രന്ഥങ്ങൾ

ഫുതൂഹുൽ ഗൈബ്, ഗുൻയതുത്ത്വാലിബീൻ, ഫത്ഹുർറബ്ബാനി എന്നിവ ശൈഖവർകളുടെ പ്രശസ്തമായ കൃതികളാണ്.

## ഉദാരമനസ്കത

പാവപ്പെട്ടവരെയും സാധുക്കളെയും സഹായിക്കുന്നതിൽ വളരെ മുൻപന്തിയിലായിരുന്ന മഹാന്റെ അതിഥിമന്ദിരത്തിൽ ദിവസവും ആയിരക്കണക്കിനാളുകൾക്ക് ഭക്ഷണവും അഭയവും നൽകിയിരുന്നു.

## പ്രകീർത്തന കാവ്യങ്ങൾ

ശൈഖ് ജീലാനി(റ)വിനെ പ്രകീർത്തിച്ചുകൊണ്ട് നിരവധി രചനകൾ പിറന്നിട്ടുണ്ട്. കായൽപട്ടണം സ്വദഖതുല്ലാഹിൽ ഖാഹിരി(റ) രചിച്ച ഖസീദതുൽ ഖുതുബിയ്യയും അറബിമലയാളത്തിൽ ഖാളി മുഹമ്മദ് രചിച്ച മുഹ്‌യിദ്ദീൻ മാലയും ജീലാനീ പ്രകീർത്തന കാവ്യങ്ങളിൽ പ്രസിദ്ധമാണ്.

## വഫാത്ത്

ഹിജ്റ 561 റബീഉൽആഖിർ പതിനൊന്നിന് മഹാൻ വഫാതായി. ഇറാഖിലെ ബാഗ്ദാദിലാണ് ശൈഖ് ജീലാനി(റ)വിന്റെ മഖ്ബറ സ്ഥിതി ചെയ്യുന്നത്.

സലാം തിരുമല

# ഗണിതശാസ്ത്രത്തിലെ രാജകുമാരൻ

**വ**ലിയൊരു ചാർട്ടുമായാണ് മാഷ് ക്ലാസ്സിലെത്തിയത്. അത് ചുവരിൽ തൂക്കിയപ്പോൾ കുട്ടികളുടെയെല്ലാം ശ്രദ്ധ അതിലേക്കായി. പലനിറങ്ങളിൽ 1 മുതൽ 100 വരെയുള്ള എണ്ണൽസംഖ്യകളാണതിൽ ഉണ്ടായിരുന്നത്. കുട്ടികൾ കൗതുകത്തോടെ ആ ചാർട്ടിലെ അക്കങ്ങളിലൂടെ കണ്ണോടിച്ചു.

മാഷ് ചോദിച്ചു: 'ഞാനൊരു കണക്ക് ചോദിക്കാം, എല്ലാവരും വേഗം ഉത്തരം പറയില്ലേ?'

'പറയാം പറയാം..' കുട്ടികൾക്ക് ആവേശമായി.

'1 മുതൽ 100 വരെയുള്ള എല്ലാ സംഖ്യകളും തമ്മിൽ കൂട്ടിയാൽ എത്ര കിട്ടും?'

'ങേ, ഒന്നു മുതൽ നൂറുവരെ എണ്ണിക്കൂട്ടാനോ?' അപ്പു നിസ്സഹായത പ്രകടമാക്കി ചോദിച്ചു.

ചില കുട്ടികൾ നോട്ടുപുസ്തകത്തിൽ എഴുതിക്കൂട്ടാൻ തുടങ്ങി. അൽപനേരം കഴിഞ്ഞപ്പോൾ അനീസ പറഞ്ഞു:

'മാഷേ, ഉത്തരം കിട്ടാൻ ഒത്തിരി നേരമെടുക്കുമല്ലോ! തെറ്റിപ്പോകാനുമിടയുണ്ട്.'

'ശരി. എന്നാൽ ശ്രദ്ധിക്കൂ. അതിനൊരു മാന്ത്രികക്കണക്കുമായാണ് ഞാനിന്ന് വന്നിരിക്കുന്നത്.' മാഷ് ചിരിച്ചുകൊണ്ട് പറഞ്ഞു.

'അതുകൊള്ളാമല്ലോ. വേഗം പറയൂ മാഷേ...' ഹസന് തിടുക്കമായി.

'ഏകദേശം ഇരുന്നൂറിലധികം വർഷങ്ങൾക്കു മുമ്പ്, നിങ്ങളെപ്പോലെയുള്ള ഒരു കൊച്ചുകുട്ടി നിമിഷങ്ങൾക്കുള്ളിൽ ഇതിന് ഉത്തരം കണ്ടെത്തിയിട്ടുണ്ട്. ഗണിതശാസ്ത്രത്തിലെ രാജകുമാരൻ എന്നു വിളിപ്പേരുള്ള അവന്റെ പേരെന്താണെന്നോ, കാൾ ഫ്രെഡറിക് ഗൗസ്.'

'അതെങ്ങനെയാ മാഷേ?' മീനു അത്ഭുതത്തോടെ ചോദിച്ചു.

മാഷ് ചാർട്ടിൽ കൈവെച്ച് വിശദീകരിച്ചു: 'നോക്കൂ, ഈ ചാർട്ടിലെ ആദ്യത്തെ സംഖ്യയും അവസാനത്തെ സംഖ്യയും തമ്മിൽ കൂട്ടിയാൽ എത്ര കിട്ടും?'

'ഒന്നും നൂറും ചേർന്നാൽ



101 ലഭിക്കും!' കുട്ടികൾ വിളിച്ചു പറഞ്ഞു.

'ശരി. ഇനി രണ്ടാമത്തെ സംഖ്യയും അവസാനത്തിനു തൊട്ടുമുമ്പുള്ള സംഖ്യയും കൂട്ടിയാലോ?'

'ആഹാ, രണ്ടും തൊണ്ണൂറ്റിയൊമ്പതും ചേർന്നാലും 101 തന്നെ!' കുട്ടികൾക്ക് കൗതുകമായി.

'മാഷേ, മൂന്നും തൊണ്ണൂറ്റിയെട്ടും ചേർന്നാലും ഉത്തരം 101 കിട്ടുമല്ലോ.' ആദിലാണത് പറഞ്ഞത്.

'മിടുക്കൻ!' അവനെ അഭിനന്ദിച്ചുകൊണ്ട് മാഷ് തുടർന്നു: 'ഇങ്ങനെ എല്ലാ ജോഡികളും കൂട്ടിനോക്കിയാൽ ഉത്തരം 101 കിട്ടും. ഇനി പറയൂ, 1 മുതൽ 100 വരെയുള്ള സംഖ്യകളിൽ ഇതുപോലെ എത്ര ജോഡികൾ ഉണ്ടാകും?' മാഷ് ചോദിച്ചു.

'നൂറിന്റെ പകുതി, 50 ജോഡികൾ!' അപ്പു വേഗം ഉത്തരം പറഞ്ഞു.

'വെരി ഗുഡ്!' ബോർഡിൽ എഴുതിക്കാണിച്ചുകൊണ്ടു മാഷ് പറഞ്ഞു: 'അപ്പോൾ 101 എന്ന സംഖ്യ 50 തവണ കൂട്ടിയാൽ മതി. അതായത് 101 നെ 50 കൊണ്ട് ഗുണിക്കുക.'

മാഷ് അത് ഗുണിച്ചു കാണിച്ചു. 'ഉത്തരം 5050.'

'ഹായ്, ഇത് സിംപിളാണല്ലോ മാഷേ.' അമീന തുള്ളിച്ചാടി. ഏറെ നേരമെടുത്ത് ചെയ്യേണ്ട കണക്ക് ഗൗസ് തന്റെ ബുദ്ധി ഉപയോഗിച്ച് ലളിതമാക്കിയ രീതി അവർക്ക് മനസ്സിലായി.

മാഷ് തുടർന്നു: 'ഇതിനെ നമുക്കിനി ഒരു സൂത്രവാക്യമായി എഴുതിനോക്കിയാലോ? ആദ്യത്തെ n സംഖ്യകളുടെ തുക കാണാൻ: $n \times (n+1)/2$. ഇവിടെ $n = 100$ ആയതുകൊണ്ട് $100 \times 101/2$ എന്നാൽ $50 \times 101$. അപ്പോൾ ഉത്തരം 5050!

ഗണിതം കൂട്ടലും കിഴിക്കലും മാത്രമല്ല, ബുദ്ധിപരമായ കണ്ടെത്തലുകൾ കൂടിയാണെന്ന് കുട്ടികൾ തിരിച്ചറിഞ്ഞു. ക്ലാസ്സ് കഴിഞ്ഞപ്പോൾ എല്ലാവരും മറ്റു സംഖ്യകൾ ഈ രീതിയിൽ കൂട്ടി നോക്കുന്ന തിരക്കിലായിരുന്നു.

അജി മേലേടത്ത്

# വൈദ്യനും സൈന്യാധിപനും

**പ**ണ്ട് ബഗ്ദാദിൽ അഹ്മദലി എന്നു പേരുള്ള പ്രസിദ്ധനായ ഒരു നാട്ടുവൈദ്യനുണ്ടായിരുന്നു. കാട്ടുചെടികളും പച്ചമരുന്നുകളുമുപയോഗിച്ച് ഏതു മാറാരോഗവും ഭേദമാക്കാൻ അദ്ദേഹത്തിന് പ്രത്യേക കഴിവുണ്ടായിരുന്നു. ബഗ്ദാദിലെ ജനങ്ങൾക്കെല്ലാം അദ്ദേഹത്തോട് വലിയ ബഹുമാനമായിരുന്നു.

ഒരു രാത്രി, വീടിന്റെ വാതിലിൽ ആരോ ശക്തമായി മുട്ടുന്നതു കേട്ട് അഹ്മദലി വാതിൽ തുറന്നു. രക്തത്തിൽ കുളിച്ചു നിൽക്കുന്ന ഒരു അപരിചിതനായിരുന്നു അത്. അയാളുടെ ശരീരത്തിൽ നിറയെ അമ്പേറ്റ മുറിവുകളും ആഴത്തിലുള്ള പോറലുകളുമുണ്ടായിരുന്നു. അഹ്മദലി ഉടൻതന്നെ അയാളെ അകത്തേക്കു കൊണ്ടുപോയി ചികിത്സിക്കാൻ തുടങ്ങി.

അപ്പോഴാണ് മുന്നിൽ കിടക്കുന്നത് ശത്രുരാജ്യമായ ബാബിലോണിയയിലെ സൈന്യാധിപൻ മുറാദാണെന്ന് വൈദ്യനു മനസ്സിലായത്. ഇരുരാജ്യങ്ങളും തമ്മിൽ കടുത്ത യുദ്ധം നടക്കുന്ന സമയമായിരുന്നു അത്. മുറാദിനെ പിടികൂടുന്നവർക്ക് വലിയ സമ്മാനങ്ങളും ബഗ്ദാദിലെ രാജാവ് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു.

ആളെ മനസ്സിലായെങ്കിലും അക്കാര്യം അഹ്മദലി സൈന്യത്തെ അറിയിച്ചില്ല. അദ്ദേഹം വീടിന്റെ സുരക്ഷിതമായ ഒരു നിലവറയിലേക്ക് മുറാദിനെ മാറ്റി. ഏതാനും ദിവസങ്ങൾ നീണ്ട ചികിത്സക്കൊടുവിൽ മുറിവുകളുണങ്ങി മുറാദ് പൂർണ്ണ ആരോഗ്യവാനായി. തനിക്ക് അഭയവും ചികിത്സയും നൽകിയ അഹ്മദലിക്ക് മുറാദ് നന്ദി പറഞ്ഞു: 'അങ്ങ് വലിയൊരു മനുഷ്യനാണ്. ശത്രുരാജ്യത്തിന്റെ അധിപനായ എന്നെ അങ്ങ് രക്ഷിച്ചല്ലോ.'

അഹ്മദലി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'മുറാദ്, ഞാനൊരു വൈദ്യനാണ്. മുന്നിൽ വരുന്നവൻ ശത്രുവാണോ മിത്രമാണോ എന്നു നോക്കാതെ ചികിത്സിക്കുക എന്നതാണെന്റെ പ്രഥമകടമ. അങ്ങിപ്പോൾ പൂർണ്ണ ആരോഗ്യവാനാണ്.'

വൈകാതെ ബഗ്ദാദിലെ സൈനികർ അങ്ങോട്ടെത്തി മുറാദിനെ തടവിലാക്കി. മുറാദ് അത്ഭുതപ്പെ

ട്ടുപോയി.

'വൈദ്യൻ, അങ്ങു തന്നെയാണോ സൈന്യത്തെ വിവരമറിയിച്ചത്?'

അഹ്മദലി ശാന്തനായി പറഞ്ഞു: 'മുറാദ്, ക്ഷമിക്കണം. ഒരു വൈദ്യനെന്ന നിലയിലുള്ള എന്റെ ജോലി ഞാൻ



പൂർത്തിയാക്കി. എന്നാൽ, ഈ രാജ്യത്തെ പൗരനെന്ന നിലയിൽ എന്റെ അടുത്ത കടമ ശത്രുരാജ്യത്തെ സൈന്യാധിപനെ ചക്രവർത്തിക്ക് മുന്നിലെത്തിക്കുക എന്നതാണല്ലോ. സ്വർണ്ണനാണയങ്ങളോ പാരിതോഷികങ്ങളോ അല്ല, രാജ്യസ്നേഹമാണ് എനിക്കു വലുത്.'

മുറാദിന് അഹ്മദലിയോട് വലിയ ആദരവ് തോന്നി.

അദ്ദേഹം പറഞ്ഞു: 'വൈദ്യരേ, അങ്ങയെപ്പോലുള്ള രാജ്യസ്നേഹികളാണ് ഏതൊരു നാടിന്റെയും യഥാർത്ഥ കരുത്ത്. ധർമ്മവും കടമയും ഒരുപോലെ പാലിച്ച അങ്ങയോടെനിക്ക് ബഹുമാനം മാത്രമേയുള്ളൂ.'

കടമ നിറവേറ്റിയ സംതൃപ്തിയോടെ മുറാദിനെ യാത്രയാക്കുമ്പോൾ അഹമദലിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

# വിശപ്പ് മാറാൻ



കുന്നിൻചരുവിലെ പാറക്കെട്ടിൽ നിൽക്കുകയായിരുന്നു ഒരു ആട്ടിൻകുട്ടി.
ഹാവൂ, നല്ല വിശപ്പ്! ആ പുൽമേട്ടിലേക്ക് ഇറങ്ങിയാലോ?




പെട്ടെന്ന്,
ഏയ്, ആട്ടിൻകുട്ടീ, ഈ പുൽമേട്ടിലേക്ക് ഇറങ്ങിവരൂ. അവിടെയിരുന്നാൽ എങ്ങനെ വിശപ്പു മാറും?
ഹാവൂ, താഴെയിറങ്ങാതിരുന്നത് ഭാഗ്യം! ഒരു കുറുക്കനല്ലേ അത്?
ഇറങ്ങാൻ വരട്ടെ, ഞാൻ താഴെയിറങ്ങിയാൽ ആരുടെ വിശപ്പാണ് തീരുക എന്ന് എനിക്കറിയാം!
!
ങേ?
തൽക്കാലം ഞാനിവിടെ വിശന്നിരുന്നോളാം.

അബൂസുറൂർ വള്ളിക്കുന്ന്

# തോണിയും തോണിക്കാരനും

**പ**ണ്ഡിതവര്യനായ ഇമാം അശ്അരി(റ)യും ദൈവമില്ലെന്ന് വാദിക്കുന്ന ഒരു യുക്തിവാദിയും തമ്മിൽ ബാഗ്ദാദിൽ ഒരു സംവാദം നിശ്ചയിച്ചു. സംവാദത്തിനു സാക്ഷിയാകാൻ ജനങ്ങൾ തടിച്ചുകൂടി. നിശ്ചയിച്ച സമയം കഴിഞ്ഞിട്ടും ഇമാം അശ്അരി(റ) എത്താതിരുന്നപ്പോൾ യുക്തിവാദി പരിഹാസത്തോടെ പറഞ്ഞു: 'നിങ്ങളുടെ ഇമാം എന്നോട് മത്സരിക്കാൻ പേടിച്ച് മനപ്പൂർവ്വം ഒഴിഞ്ഞുമാറിയതാവും.'

വൈകാതെ, വളരെ ശാന്തനായി ഇമാം കടന്നുവന്നു. വേദിയിൽ കയറി ആദ്യമായി സദസ്യരോട് താൻ വൈകാനുള്ള കാരണം പറഞ്ഞു: 'ഞാൻ വരുന്ന വഴിയിൽ വലിയൊരു പുഴ മുറിച്ചുകടക്കാനുണ്ടായിരുന്നു. ഏറെ നേരം കാത്തിരുന്നിട്ടും തോണിക്കാരനെ കണ്ടില്ല. പെട്ടെന്ന് പുഴയോരത്തുണ്ടായിരുന്ന ഒരു മരത്തിൽ നിന്ന് കുറെ മരക്കഷണങ്ങൾ വെള്ളത്തിൽ വീണ് സ്വയം കൂടിച്ചേർന്ന് ഒരു വഞ്ചിയായി മാറി. അതിൽ കയറിയാണ് ഞാനിവിടെയെത്തിയത്.'

അതുകേട്ടതും യുക്തിവാദി പുച്ഛഭാവത്തിൽ പറഞ്ഞു: 'ഹിഹി! മരക്കഷണങ്ങൾ സ്വയം ഒരുമിച്ചുകൂടി വഞ്ചിയായെന്നോ? അതെങ്ങനെ സാധിക്കും?'

ഇമാം ചെറുപുഞ്ചിരിയോടെ യുക്തിവാദിക്ക് മറുപടി നൽകി: 'ശില്പിയില്ലാതെ ഒരു ചെറുവഞ്ചി പോലും ഉണ്ടാവുകയില്ലെന്ന് താങ്കൾക്കറിയാമല്ലേ? എന്നിട്ടാണോ, ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അടങ്ങുന്ന ഈ പ്രപഞ്ചം സ്വയം ഉണ്ടായതാണെന്ന് താങ്കൾ വാദിക്കുന്നത്?' ഇമാമിന്റെ മറുപടിക്ക് മു

പട്ടണക്കാട് അബ്ദുൽഖാദർ

# നദിയിലെ വെള്ളം

ഒരിക്കൽ അനുയായികളോടൊപ്പം യാത്ര ചെയ്യുകയായിരുന്നു ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി. വിജനമായ സ്ഥലം. നടന്നുനടന്ന് അവർ ക്ഷീണിച്ച് ദാഹം കൊണ്ട് വലഞ്ഞ അവർ വൈകാതെ ഒരു നദീതീരത്തെത്തി. എല്ലാവർക്കും ആശ്വാസമായി. അനുയായികൾ ആഹ്ലാദത്തോടെ നദിയിലിറങ്ങി മതിവരുവോളം വെള്ളം കുടിച്ച് ദാഹം തീർത്തു. മുഖവും കൈകാലുകളും കഴുകി.

വെള്ളമെടുക്കാനുള്ള ജനങ്ങളുടെ തിരക്കു കാരണം തെളിഞ്ഞുകിടന്ന ജലം നിമിഷനേരം കൊണ്ട് കലങ്ങിമറിഞ്ഞു. ഗാന്ധിജി നദിയുടെ മറ്റൊരു ഭാഗത്ത് തെളിഞ്ഞ വെള്ളത്തിലിറങ്ങി. കൈയിലുണ്ടായിരുന്ന പാത്രത്തിൽ വെള്ളമെടുത്ത് കരയിൽ കയറി കൈകാലുകളും മുഖവും കഴുകി. പാത്രത്തിലെ വെള്ളം തീർന്നപ്പോൾ വീണ്ടും നിറച്ച് ദാഹം തീർത്തു. തുടർന്ന് ഏറെ നേരം നന്ദിയോടെ നദിയെ



# ചങ്ങാതി നന്നായാൽ

**ക**ണ്ണാടിയൊന്നുണ്ട് വീട്ടിലെങ്കിൽ
കൊള്ളാം, മുഖത്തിന്റെ മോടി കാണാം.
മേനി തൻ കുറ്റങ്ങൾ കണ്ടുചൊല്ലും,
കണ്ണാടി ഒട്ടും മടിച്ചിടാതെ!

ചങ്ങാതിയൊന്നുണ്ട് നല്ലതെങ്കിൽ
ഉള്ളും പുറവും തുറന്നുകാട്ടും!
ഉത്തമമായൊരു കൂട്ടതുണ്ടേൽ
കണ്ണാടിയെന്തിന്നു കൂട്ടുകാരേ?

**മനോജ് പരപ്പ**



നോക്കിനിന്നു.

ഇതെല്ലാം കണ്ടുനിന്ന അനുയായികൾ കൗതുകത്തോടെ ഗാന്ധിജിയോട് ചോദിച്ചു:

'എന്തുകൊണ്ടാണങ്ങ് വെള്ളം പാത്രത്തിലെടുത്ത് ഉപയോഗിച്ചത്?'

പുഞ്ചിരിയോടെ ഗാന്ധിജി പറഞ്ഞു:

'നദിയിൽ ഒരുപാട് വെള്ളമുണ്ട്. നല്ല ഒഴുക്കുമുണ്ട്. എങ്കിലും നദിയിലെ വെള്ളം കലക്കുന്നത് ശരിയല്ല. ആവശ്യത്തിനുള്ള ജലം മാത്രമേ എടുക്കാവൂ. പുഴയിലെ വെള്ളം മറ്റുള്ളവർക്കും ഉപയോഗിക്കാനുള്ളതാണെന്ന് നാം എപ്പോഴും ഓർക്കണം.'

നേതാവിന്റെ വാക്കിന്റെയും പ്രവൃത്തിയുടെയും പൊരുൾ അനുയായികൾക്ക് ബോധ്യമായി. അവരും അല്പനേരം ആദരവോടെ നദിയെ നോക്കിനിന്നു. പിന്നെ സന്തോഷത്തോടെ യാത്ര തുടർന്നു.

ശാമിൽ ചുള്ളിപ്പാറ

# ഹെലൻ എന്ന പെൺകുട്ടി

2

'എന്താണ് സംഭവിച്ചതെന്നോ?' മിസ് ജെയ്ൻ കഥ തുടർന്നു:

'1882 ഫെബ്രുവരി മാസം. ഹെലനന്ന് ഒന്നര വയസ്സായിരുന്നു. അപ്പോഴാണ് അവൾക്കൊരു രോഗം ബാധിച്ചത്.

## രോഗശയ്യയിൽ

ആദ്യം വയറുവേദനയാണുണ്ടായത്. പിന്നീട് ദിവസങ്ങളോളം നീണ്ടുനിന്ന കടുത്ത പനിയും. അതവളെ വല്ലാതെ തളർത്തി. ഹെലന്റെ രോഗം അവളുടെ അച്ഛനെയും അമ്മയെയും പാടെ വിഷമത്തിലാഴ്ത്തി. അവൾ മരിച്ചുപോകുമോ എന്നുപോലും അവർ ഭയന്നു. പിന്നീടങ്ങോട്ട് അവർക്ക് ഉറക്കമില്ലാത്ത രാത്രികളായിരുന്നു.

അമ്മയും അച്ഛനും അവളുടെ ശുശ്രൂഷക്കായി



എപ്പോഴും കൂട്ടിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഡോക്ടർ നൽകിയ മരുന്നുകൾകൊണ്ട് രോഗം പതിയെ ഭേദമായിത്തുടങ്ങി. മാതാപിതാക്കളുടെ പ്രാർഥനകൾ ഫലം കണ്ടു. വൈ

കാതെ അവളുടെ പനിയും ക്ഷീണവും കുറഞ്ഞുവന്നു. എന്നാൽ പനി മാറിയപ്പോഴേക്കും അവളുടെ കണ്ണുകളുടെ കാഴ്ചശക്തി നഷ്ടപ്പെട്ടിരുന്നു. വൈകാതെ കേൾവിയും



നഷ്ടമായി. പൂന്തോട്ടത്തിലെ പൂക്കളുടെ നിറം കാണാനോ, കിളികളുടെ പാട്ടു കേൾക്കാനോ അവൾക്ക് കഴിയാതായി.

സന്തോഷത്തിന്റെ കളിചിരികൾ നിറഞ്ഞുനിന്നിരുന്ന അവളുടെ കൊച്ചുവീട് നിശ്ശബ്ദമായി. ഹെലൻ വല്ലാത്തൊരു ശൂന്യതയിലകപ്പെട്ടു. അസുഖം വരുന്നതിനു മുമ്പ് അവൾ കണ്ടിരുന്ന പച്ചപ്പട്ടുടുത്ത പാടങ്ങളും നീലാകാശവും സുന്ദരമായ പൂക്കളുമെല്ലാം ഇരുട്ട് മാത്രമായി മാറി. എങ്കിലും അവളുടെ ഉൾക്കാഴ്ചയുടെ ആകാശങ്ങളിൽ പുതിയ നക്ഷത്രങ്ങൾ ഉദിച്ചു. ആ നക്ഷത്രങ്ങളാണ് പിന്നീടവൾക്ക് പ്രതീക്ഷയുടെ വെട്ടമായത്.

'പാവം ഹെലൻ!' കുട്ടികളിൽ പലരും അടക്കം പറഞ്ഞു.

കുട്ടികളേ, കാഴ്ച്ചയും കേൾവിയുമില്ലാതെ എങ്ങനെ ജീവിക്കാനാവുമെന്ന് ആലോചിച്ചുനോക്കൂ?'

'ഹയ്യോ! വളരെ കഷ്ടം തന്നെയായിരിക്കുമല്ലോ അത്!' കുട്ടികൾ സങ്കടത്തോടെ നെടുവീർപ്പിട്ടു.

(തുടരും)

**ചൊല്ലുകുടം**

# ഇരിക്കും കൊമ്പ് മുറിക്കരുത്



**നി**ങ്ങൾ ഒരു മരക്കൊമ്പിൽ കയറി ഇരിക്കുന്നുവെന്നു കരുതുക. കൊമ്പിലിരുന്ന് അതിന്റെ മുരട്ടിൽ വെട്ടിയാൽ എന്താണ് സംഭവിക്കുക? കൊമ്പിനോടൊപ്പം നിങ്ങളും പ്ധിം എന്നു താഴെ വീഴും. വിഡ്ഢികൾ ഇങ്ങനെ ചെയ്ത് അബദ്ധത്തിൽപ്പെട്ടേക്കാം. എങ്കിൽ, ഇത്തരം ചില വിഡ്ഢികളെ സാമൂഹിക ജീവിതത്തിൽ കാണാനിടയുണ്ട്. മരക്കൊമ്പ് കൊണ്ടുദ്ദേശ്യം നമുക്ക് ആശ്രയമായ ആരെങ്കിലുമായിരിക്കും, എന്തെങ്കിലുമായിരിക്കും. ഒട്ടും ആലോചിക്കാതെ ചില വിഡ്ഢികൾ അവർക്ക് സഹായം ചെയ്തു കൊടുക്കുന്ന, സുരക്ഷിതത്വം നൽകുന്ന കൊമ്പുകളെ മുറിച്ചു കളയും. എന്നു പറഞ്ഞാൽ അവരുമായുള്ള ബന്ധം മുറിക്കും. അവരെ നിന്ദിച്ചോ കുറ്റപ്പെടുത്തിയോ മറ്റോ അകറ്റിക്കളയും. അങ്ങനെ ആശ്രയമില്ലാതായിത്തീരും. പിന്നെ കഷ്ടപ്പെടേണ്ടി വരും. അയൽക്കാരെയും ബന്ധുക്കളെയുമൊക്കെ പിണക്കി പ്രയാസമനുഭവിക്കുന്നവരെ നമുക്കിടയിൽ കാണാറുണ്ടല്ലോ. ഇരിക്കും കൊമ്പ് മുറിച്ചു കളഞ്ഞ വിഡ്ഢികൾ തന്നെയാണവർ.



# ഹോജ


ഹോജ സുഹൃത്തുക്കൾക്കൊപ്പം ചായക്കടയിൽ,
നല്ല ചായ!


അപ്പോഴാണ് ഒരാൾ ഓടിവന്നത്.
ഹോജാ, ഒരു പ്രശ്നം!
എന്തുപറ്റി?
താങ്കളുടെ മകന് ബുദ്ധി നഷ്ടപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. ആകെ പരാക്രണം കാണിക്കുന്നു.
അങ്ങനെ സംഭവിക്കാൻ വഴിയില്ലല്ലോ, ബുദ്ധിയുണ്ടെങ്കിലല്ലേ നഷ്ടപ്പെടൂ!

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. 2026 ഫുട്ബോൾ ലോകകപ്പിൽ 10 ഗോളുകൾ നേടി എക്കാലത്തെയും ലോകകപ്പ് ഫുട്ബോൾ ടോപ്സ്കോററായ ഫ്രഞ്ച് താരം?

2. ഗ്ലാസ്ഗോയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്കായി ആദ്യ സ്വർണ മെഡൽ നേടിയ താരം?

3. ഇന്ത്യയുടെ പുതിയ വിദ്യാഭ്യാസ മന്ത്രി?

4. യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ച ഇന്ത്യയിലെ നാൽപ്പത്തിയഞ്ചാമത് സ്ഥലം?

5. ലോക ജൂനിയർ സ്ക്വാഷ് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ താരം?

6. ഈയിടെ അന്തരിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാൻ?

7. ഓൺലൈൻ സൈബർ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ കേരള പോലീസ് നടത്തുന്ന ഓപ്പറേഷൻ?

8. ഈയിടെ അന്താരാഷ്ട്ര ക്രിക്കറ്റിലെ മുഴുവൻ ഫോർമാറ്റുകളിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ താരം?

9. 15 വയസ്സിന് താഴെയുള്ള കുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗം നിരോധിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തുന്ന ആദ്യ യൂറോപ്യൻ രാജ്യം?

10. മലബാർ റിവർ ഫെസ്റ്റിവൽ നടക്കുന്ന ചാലിപ്പുഴയും ഇരുവഴിഞ്ഞിപ്പുഴയും ഏതു നദിയുടെ പോഷകനദികളാണ്?

11. ഇക്കൊല്ലത്തെ ലോകമാന്യതിലക് ദേശീയ പുരസ്കാരം നേടിയതാര്?

12. കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടുന്ന ആദ്യ പാക്ക് വനിത?

13. ആഗസ്റ്റ് ഒന്നിന് അന്തരിച്ച പ്രശസ്ത നേപ്പാളി പർവതാരോഹകൻ?

14. 2030ലെ കോമൺവെൽത്ത് ഗെയിംസിന് വേദിയാകുന്ന





1. കിലിയെൻ എംബാപ്പെ, 2. മീരാബായ് ചാനു, 3. പ്രഹ്ലാദ് ജോഷി, 4. അനാഹത് സിംഗ്, 5. അജിങ്ക്യ രഹാനെ

ഇന്ത്യൻ നഗരം?

15. ബീഹാറിൽ ബങ്കിപൂർ നിയമസഭാ സീറ്റിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ ചരിത്രവിജയം നേടിയതാര്?

16. കേരളത്തിൽ റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുത്തിരുന്നത് എവിടെ?

17. എയർ ഇന്ത്യയുടെ പുതിയ സിഇഒ?

18. രാജ്യാന്തര ബഹിരാകാശ നിലയത്തിലെത്തി ആദ്യ സ്പേസ് വാക്ക് നടത്തുന്ന മലയാളി യാത്രികൻ?

19. അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷൻ പ്രസിഡന്റ്?

20. കേരള പോലീസിന്റെ ജലപീരങ്കി വാഹനം?

21. ഗുണ്ടകളെ പിടികൂടാൻ കേരള പോലീസ് നടത്തുന്ന സ്പെഷ്യൽ ഡ്രൈവ്?

22. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പ്രഥമ ഉമ്മൻചാണ്ടി സ്മാരക അവാർഡ് നേടിയതാര്?

23. ഈയിടെ തീവ്രതയേറിയ ഭൂകമ്പം നടന്ന തെക്കേ അമേരിക്കൻ രാജ്യം?

24. കോടതി വധശിക്ഷക്ക് വിധിച്ച സിറിയൻ മുൻ പ്രസിഡന്റ്?

25. യുഎസ് പ്രസിഡന്റ് റൊണാൾഡ് ട്രംപിന്റെ ഔദ്യോഗിക വിമാനം?

**ഉത്തരങ്ങൾ**

1. കിലിയെൻ എംബാപ്പെ, 2. മീരാബായ് ചാനു, 3. പ്രഹ്ലാദ് ജോഷി, 4. സാരനാഥ്, 5. അനാഹത് സിംഗ്, 6. രമേശൻ പാലേരി, 7. ഓപ്പറേഷൻ സൈഹണ്ട്, 8. അജിങ്ക്യ രഹാനെ, 9. ഫ്രാൻസ്, 10. ചാലിയാർ, 11. അജിത്ത് ഡോവൽ, 12. ഫാത്തിമ സഹ്റ, 13. നിർമ്മൽ പുർജ, 14. അഹമ്മദാബാദ്, 15. പ്രശാന്ത് കിഷോർ, 16. കഞ്ചിക്കോട് (പാലക്കാട്), 17. ടേവോൾഡോ ഗ്രെബ്രെമറിയം, 18. ഡോ. അനിൽ മേനോൻ, 19. കല്യാൺ ചൗബേ, 20. വരുൺ, 21. ഓപ്പറേഷൻ ഗ്രിപ്പ്, 22. ചെറുവയൽ രാമൻ, 23. കൊളംബിയ, 24. ബഷാർ അൽ അസദ്, 25. എയർഫോഴ്സ് വൺ


മിസ്റ്റർ മണ്ടപ്പൻ
ചെന്നായനും തല്ലിപ്പൊളിയും ഒളിത്താവളത്തിൽ.
സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി രൂക്ഷം.
ഉപകാരപ്രദമായ വാർത്തകൾ ഒന്നുമില്ലേ ബോസ്?
നമുക്ക് ഇതിനേക്കാൾ ഉപകാരപ്രദമായ വാർത്ത മറ്റേതുണ്ട്?
ഹിഹി! രാത്രി അരമണിക്കൂർ കറണ്ട് പോകുന്നതാണോ വലിയ ഉപകാരം?
യെസ്, അതുതന്നെ! ഒരു വീട് കൊള്ളയടിക്കാൻ അരമണിക്കൂർ ധാരാളം.
ഓഹോ, അങ്ങനെ.... ഞാൻ അതുവഴി ആലോചിച്ചില്ല.



എന്നാലിനി വൈകേ ണ്ട. ഡാമിൽ വെള്ളം കൂടുന്നതിനു മുമ്പ് മോഷണായുധങ്ങൾ സംഘടിപ്പിക്കണം.
അത് ഞാനേറ്റു ബോസ്.
അപ്പന്മാരുടെ വീ ടു തന്നെയാകട്ടെ ആദ്യ ടാർഗറ്റ്.
അതു കൊള്ളാം. പോലീസുകാരെ പ റ്റിച്ച് കോടികളാണ് അവർ വാരുന്നത്.
തത്സമയം അപ്പന്മാർ,
വറുതിക്കാലം എന്നു പറയുന്നത് വെറുതെ യല്ല; കൈയിൽ ഒമ്പി ടി കാശില്ല.
കേസില്ലെങ്കിൽ കാ ശില്ല എന്നതാണ് ന മ്മുടെ അവസ്ഥ.



നമുക്ക് ഈ വീട് ഉപേക്ഷിച്ച് ടൗണിൽ വല്ല വാടകവീടും അന്വേഷിച്ചാലോ?
നല്ല ഐഡിയ തന്നെ! പക്ഷേ, വാടകക്കുള്ള പണം?
അതൊക്കെ നമുക്ക് ആലോചിക്കാമെന്നേ.
ഏതായാലും ഒന്ന് ടൗണിൽ പോയി വരാം.
രാത്രി പവർകട്ടിന്റെ സമയത്ത് കത്തിക്കാൻ മെഴുകുതിരിയും വാങ്ങാം.
അപ്പന്മാർ ബൈക്കിൽ,
നമുക്ക് നോക്കാം മച്ചൂ. പരിശ്രമിച്ചാൽ വിജയിക്കും എന്നല്ലേ ചൊല്ല്?
ഇക്കാലത്ത് മെഴുകുതിരിയൊക്കെ എവിടെ നിന്നു കിട്ടാനാ?


അപ്പന്മാർ കടയിൽ,
ചേട്ടാ, രണ്ട് മെഴുകുതിരി.
ഇതാ സാർ, ഉഗ്രൻ സാധനമാണ്. പന്തം പോലെ കത്തും.
ഉഗ്രൻ സാധനത്തിന് ഉഗ്രൻ വിലയുമാകും അല്ലേ?
ഇല്ല സാർ, 50 രൂപ മാത്രം!
ങേ, ഒരു മെഴുകുതിരിക്ക് 50 രൂപയോ?
ഹോർമുസ് കടലിടുക്ക് അടച്ച വിവരമൊന്നും അപ്പന്മാർ അറിഞ്ഞില്ലേ?
വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം എന്ന പണ്ടാരോ പാടിയിട്ടുണ്ടല്ലോ!


അപ്പന്മാർ വീട്ടിലേക്ക്,
നേരം സന്ധ്യയാ
യല്ലോ മച്ചൂ.
ഡോണ്ട് വറി അണ്ണേ,
പന്തം പോലെ ക
ത്തുന്ന മെഴുകുതിരി
യുണ്ടല്ലോ.
അപ്പന്മാർ വീടിനു മുമ്പിൽ,
ഒന്നും കാണാൻ
വയ്യല്ലോ മച്ചൂ, പ
വർകട്ട് തുടങ്ങി
യോ?
തുടങ്ങിയെന്ന്
തോന്നുന്നു.
മെഴുകുതിരി
തെളിയിക്കാം.
വാലപ്പൻ മെഴുകുതിരി
തെളിയിച്ചതും,
ഹിയ്യോ! വൈ
ക്കോൽക്കെട്ടിന്
തീപിടിച്ചല്ലോ.


തത്സമയം വീടിനകത്തു നിന്ന്,
ഹിയ്യോ, രക്ഷിക്കണേ.
വീടിന് തീ പിടിച്ചേയ്!
ങ്ഹേ, ആരാ മച്ചൂ നമ്മുടെ വീടിനുള്ളിൽ നിന്ന് നിലവിളിക്കുന്നത്?
ആരായാലും ഇപ്പോൾ പുറത്തു ചാടും അണ്ണേ. വെയിറ്റ് ആൻഡ് സീ.
ചെന്നായനും തല്ലിപ്പൊളിയും പുറത്തേക്ക്,
ഹിയ്യോ, തീ പിടിച്ചേയ്!
രക്ഷിക്കണേയ്!
ഹിഹി! പവർകട്ട് കൊണ്ടുള്ള ഓരോ ഗുണങ്ങൾ!
ഇപ്പോൾ എലിയെ പേടിച്ച് ഇല്ലം ചുട്ട പോലെയായി കാര്യങ്ങൾ!

നോവൽ – 33

മുജ്തബ നസ്വീഫ്

# അബൂട്ടിക്ക് ഫസ്റ്റ് റാങ്ക്



**മെ**ഡിക്കൽകോളേജിൽ കോൺവെക്കേഷൻ പരിപാടിയാണിന്ന്. എംബിബിഎസ് ബിരുദ സർട്ടിഫിക്കറ്റ് സമ്മാനിക്കുന്ന ദിനം.

പിന്നോട്ടു തിരിഞ്ഞുനോക്കുമ്പോൾ അബൂട്ടിക്ക് അതിശയം തീരുന്നില്ല. എത്ര പെട്ടെന്നാ

## അബൂട്ടി

ണെല്ലാം! അബൂട്ടി എന്ന പാവം കുട്ടി ഒരു ഡോക്ടറായിരിക്കുന്നു! ചെറുപ്പത്തിലേ ഉപ്പ നഷ്ടപ്പെട്ട കുട്ടി... മാമന്റെ വീട്ടിലെ പണിക്കാരനായിപ്പോയ കുട്ടി... സ്കൂളിലും മദ്റസയിലും പോകാൻ കഴിയാതെ ആടുകളുടെ പിന്നാലെ നടക്കേണ്ടിവന്ന പഴയകാലം... പട്ടിണി കിടന്നു മെലിഞ്ഞുണങ്ങിയ കുട്ടിക്കാലം... ആരും കാണാതെ



ഇരുന്നു കരഞ്ഞു പോയ നാളുകൾ... വികൃതികളായ കുട്ടികൾ തലയിൽ കൊട്ടി കളിയാക്കുകയും വേദനിപ്പിക്കുകയും ചെയ്ത അനുഭവങ്ങൾ... എല്ലാം മനസ്സിൽ മായാതെ കിടപ്പുണ്ട്; ഇന്നലെ കഴിഞ്ഞ പോലെ!

ഉപ്പയെക്കുറിച്ചുള്ള കണ്ണീരോർമ്മകൾക്കും മരണമില്ല. ഇപ്പോഴും ഉപ്പ സ്വപ്നത്തിൽ വരാറുണ്ടല്ലോ; 'അബൂട്ടിമോനേ, മോൻ പഠിച്ചു വലിയ ആളാവണം' എന്ന് ചിരിച്ചുകൊണ്ട് ഇപ്പോഴും പറയാറുണ്ടല്ലോ. ഉപ്പ അറിയുന്നുണ്ടാവുമോ ഈ അബൂട്ടിയുടെ വിശേഷങ്ങൾ? അല്ലാഹു അറിയിച്ചു കൊടുക്കുന്നുണ്ടാവുമോ?

അറിയില്ല. മരിച്ചുപോയവരാരും തിരിച്ചുവന്ന് അത്തരം കാര്യങ്ങളൊന്നും വെളിപ്പെടുത്തിയിട്ടില്ലല്ലോ. എങ്കിലും അബൂട്ടിയുടെ സമ്മാനങ്ങൾ എന്നും ഉപ്പയുടെ ഖബറിലെത്താറുണ്ട്. ഏതു തിരക്കിനിടയിലും ഒരു യാസീൻ - അല്ലെങ്കിൽ ഒരു ഫാത്തിഹയെങ്കിലും ഓതി ഉപ്പയ്ക്ക് ഹദ്‌യ ചെയ്യാതെ ഓർമ്മവച്ച നാൾ മുതൽ ഒരു ദിവസവും കടന്നുപോയിട്ടില്ല. ഉപ്പ പോയതു മുതൽ ആ ഓർമയിൽ അലിയാത്ത ഒരു ദിവസവുമുണ്ടായിട്ടില്ല. ഇന്ന് മൂന്നു യാസീനെങ്കിലും ഓതണം. അത്രയും വിശേഷപ്പെട്ട ദിനമാണല്ലോ ഇന്ന്.

അബൂട്ടി നേരത്തെത്തന്നെ കുളിച്ചൊരുങ്ങി യാസീനോതാനിരുന്നു.

ഓരോ വിദ്യാർത്ഥിക്കും അഞ്ചു ബന്ധുക്കളെ കോൺവെക്കേഷനിൽ പങ്കെടുപ്പിക്കാം. ഉമ്മയും എളാപ്പയും മോളൂട്ടിയും വേണം. പിന്നെ ആരെല്ലാം? സംശയിക്കാൻ ഒട്ടു

മില്ല, ഉസ്താദുമാർ തന്നെ. റഹീമുസ്താദും റഫീഖുസ്താദുമുണ്ടായിരുന്നില്ലെങ്കിൽ അബൂട്ടി ഇന്ന് ഡോക്ടറാകുമായിരുന്നില്ലല്ലോ. അന്ന് അവർ അബൂട്ടിയെ തേടി ആടുകളെ മേയ്ക്കുന്ന മലഞ്ചെരുവിലെത്തി. അബൂട്ടിക്ക് ധരിക്കാൻ നല്ല പാന്റ്സും ഷർട്ടും സമ്മാനിച്ചു. പിന്നെ കൈപിടിച്ചുകൊണ്ടുപോയി ഒരു സ്ഥാപനത്തിൽ ചേർത്തു; അബൂട്ടിയെ നല്ലൊരു മനുഷ്യനാക്കിയ സ്ഥാപനത്തിൽ. അവരാണല്ലോ അബൂട്ടിയെ മെഡിക്കൽകോളേജിലെത്തിച്ചത്. അവരെ ഈ സുന്ദരമുഹൂർത്തത്തിലേക്ക് ക്ഷണിക്കാതിരിക്കുന്നതെങ്ങനെ? ക്ഷണിച്ചിട്ടുണ്ട്. അവർ വരാതിരിക്കുമോ?

ഉച്ചയ്ക്കുശേഷമാണ് പരിപാടികൾ തുടങ്ങുന്നത്. അബൂട്ടി നേരത്തെത്തന്നെ കോളേജിലെത്തി. ആർഭാടത്തിന്റെ പളപളപ്പാണെങ്ങും. മുന്തിയ കാറുകളിലാണ് അധികവിദ്യാർത്ഥികളുടെയും ബന്ധുക്കൾ എത്തിയിരിക്കുന്നത്. വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് എത്തിയവർ. പ്രൗഢി പ്രകടമാക്കിക്കൊണ്ട് അവർ വേദിയിൽ നിറഞ്ഞാടുകയാണ്; അതിനിടയിൽ അബൂട്ടിയുടെ പാവപ്പെട്ട ബന്ധുക്കൾക്ക് പ്രവേശനമുണ്ടാകുമോ?



സമയമായപ്പോഴേക്കും ഉമ്മയും എളാപ്പയും മോളൂട്ടിയും എത്തിയല്ലോ; സാധാരണക്കാരുടെ വേഷത്തിൽ. ബസ് കയറി ക്ഷീണിച്ചാണ് അവരെത്തിയിരിക്കുന്നത്. അബൂട്ടി ഓടിച്ചെന്ന് അവരെ സ്വീകരിച്ചു വേദിയിലേക്കാനയിച്ചു. അപ്പോൾ പലരും തുറിച്ചുനോക്കുന്നത് അബൂട്ടി ശ്രദ്ധിച്ചു.

തെല്ലൊലഭിമാനത്തോടെ തന്നെ അവരെ ചേർത്തുനിർത്തി കൂട്ടുകാർക്ക് പരിചയപ്പെടുത്തി: 'ഇവരെന്റെ



ഉമ്മയും ഉപ്പയും പെങ്ങളും!' അവരുടെ മുമ്പിൽ ഉമ്മയും എളാപ്പയുമൊന്ന് ചൂളിപ്പോയോ? തേയില നുള്ളി കറുത്തുപോയ കൈപ്പടം ഉമ്മ പർദ്ദയുടെ കൈകൾ നീട്ടി മറയ്ക്കാൻ ശ്രമിക്കുന്നതു കണ്ടു. എളാപ്പയും ഒന്നു വല്ലാതായ പോലെ! മോളൂട്ടി കൗതുകത്തോടെ കാഴ്ചകൾ കണ്ടു നടക്കുകയാണ്. ഇത്തിരി ഗമയോടെ അവൾ ഡോക്ടർ അബൂട്ടിയുടെ തോളിൽ ഇടയ്ക്കിടെ കൈ ചുറ്റുന്നുമുണ്ട്.

ഉസ്താദുമാർ വരില്ലേ? അബൂട്ടി ആശങ്കയോടെ ഗേറ്റിലേക്ക് ഇടയ്ക്കിടെ ചെന്നു നോക്കി. തിരക്കിനിടയിൽ വെള്ളക്കുപ്പായവും തലപ്പാവും കണ്ടപ്പോൾ അവൻ ഓടിച്ചെന്നു. പ്രിയപ്പെട്ട ഉസ്താദുമാരും എത്തിയല്ലോ. അവരെ സ്വീകരിച്ചിരുത്തുമ്പോഴും പലരും നീരസത്തോടെ നോക്കുന്നതു കണ്ടു. കൂട്ടുകാർക്ക് അവരെ പരിചയപ്പെടുത്തി: 'എന്റെ ഉസ്താദുമാരാണ്. എന്നെ പഠിപ്പിച്ചു വളർത്തിയവരാണ്.' അവരിൽ പലരും ഉസ്താദുമാരെ ആദരവോടെ നോക്കുന്നതും കൈ കൊടുക്കുന്നതും കണ്ടപ്പോൾ സന്തോഷമായി.

വർണ്ണാഭമായ സ്റ്റേജിൽ വിശിഷ്ടാതിഥികൾ നിരന്നിരുന്നു. സദസ്സിൽ മുൻനിരയിൽ

## സെപ്തംബർ 5
## അധ്യാപക ദിനം

ഇന്ത്യയുടെ മുൻരാഷ്ട്രപതിയും പ്രമുഖ ദാർശനികനുമായ ഡോ. സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5 ഇന്ത്യയിൽ അധ്യാപക ദിനമായി ആചരിക്കുന്നു.

ബിരുദം നേടിയ വിദ്യാർത്ഥികൾ. പ്രത്യേക വേഷത്തിലാണവർ. പ്രഭാഷണങ്ങൾ അധികവും ഇംഗ്ലീഷിലാണ്. പറയുന്നവരും കേൾക്കുന്നവരുമൊക്കെ മലയാളികളാണെങ്കിലും ഇംഗ്ലീഷിൽ പ്രസംഗിച്ചാലേ ഒരു ഗമയുള്ളൂ എന്നു കരുതുന്നുണ്ടാവും; അബൂട്ടി മനസ്സിലോർത്തു ചിരിച്ചു.

സർട്ടിഫിക്കറ്റ് വിതരണം ആരംഭിക്കുകയാണ്. അനൗൺസ്മെന്റ് മുഴങ്ങി: 'ഫസ്റ്റ് റാങ്ക് വിന്നർ ഡോ. അബൂബക്കർ.....'

നീണ്ട കൈയടി മുഴങ്ങി. അബൂട്ടി എഴുന്നേറ്റ് സ്റ്റേജിലേക്ക് കയറി. സർട്ടിഫിക്കറ്റിനോടൊപ്പം സമ്മാനങ്ങളും. അബൂട്ടി അഭിമാനത്തോടെ അവാർഡ് സ്വീകരിച്ചു തിരിച്ചിറങ്ങാൻ തുനിഞ്ഞപ്പോൾ പ്രൊഫസർ എഴുന്നേറ്റു വന്നു പിടിച്ചുനിർത്തി. എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് അദ്ദേഹം മൈക്കിനടുത്തേക്ക് നീങ്ങി പറഞ്ഞു: 'ഡോക്ടർ അബൂബക്കറിന്റെ ഉമ്മയും ഉപ്പയും സ്റ്റേജിലേക്ക് വരണം.'

സദസ്സ് നിശ്ശബ്ദമായി. മടിച്ചു മടിച്ചുകൊണ്ട് അവർ സ്റ്റേജിലേക്കു കയറി, കൂടെ മോളൂട്ടിയും.

അവരെ ചേർത്തുനിർത്തി പ്രൊഫസർ പറഞ്ഞു: 'ഈ ബാച്ചിലെ ഏറ്റവും നല്ല വിദ്യാർത്ഥിയാണ് അബൂബക്കർ. ഈ കുട്ടി വന്നതോ, ഏറ്റവും പാവപ്പെട്ട കുടുംബത്തിൽ നിന്നാണ്. ഇതാ, തൊഴിലെടുത്ത് നിത്യജീവിതം കഴിക്കുന്ന ഇവരാണ് ഈ കുട്ടിയുടെ രക്ഷിതാക്കൾ. ഞാനീ കുട്ടിയെക്കുറിച്ച് നന്നായി പഠിച്ചു. എല്ലാവർക്കും വലിയ പാഠമാണ് ഇവർ നൽകുന്നത്.....'

പ്രൊഫസറുടെ വാക്കുകൾ കേട്ട് രോമാഞ്ചമണിഞ്ഞു നിന്നു അബൂട്ടിയും കുടുംബവും. സദസ്സിൽ അപ്പോൾ നിർത്താതെ കൈയടി മുഴങ്ങിക്കൊണ്ടിരുന്നു.

(തുടരും)



# ഇന്ത്യയിലെ സംസ്ഥാനങ്ങൾ 18

# പഞ്ചാബ്

- തലസ്ഥാനം: ചണ്ഡിഗഢ്
- വിസ്തീർണം: 50,362 ച.കി.മീ
- ജനസംഖ്യ: 2,77,43,338
- ജനസാന്ദ്രത: 551/ച.കി.മീ
- സ്ത്രീപുരുഷ അനുപാതം: 895/1000
- സാക്ഷരത: 75.84%
  ഭാഷ: പഞ്ചാബി
- ലോക്സഭാ സീറ്റുകൾ: 13
- രാജ്യസഭാ സീറ്റുകൾ: 7
- അസംബ്ലി: 117

**ചരിത്രം**

ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ പഞ്ചാബിലെ എട്ടു നാട്ടുരാജ്യങ്ങൾ ചേർത്ത് പട്യാല ആൻഡ് ഈസ്റ്റ് പഞ്ചാബ് സ്റ്റേറ്റ്സ് യൂണിയൻ എന്ന പേരിൽ ഒരു സംസ്ഥാനം രൂപീകരിച്ചു. പട്യാലയായിരുന്നു തലസ്ഥാനം. 1966 നവംബർ ഒന്നിനാണ് ഇന്നത്തെ പഞ്ചാബ് നിലവിൽവന്നത് (ഹിന്ദി ഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്ത് ഹരിയാനയ്ക്കു രൂപം നൽകിക്കൊണ്ടാണ് ഇതു നടപ്പാക്കിയത്)

## ജില്ലകൾ (23)

1. അമൃത്സർ, 2. ഭട്ടിൻഡ, 3. ഫരീദ്കോട്ട്, 4. ഫിറോസ്പുർ, 5. ഫത്തേഗഢ് സാഹിബ്, 6. ഗുർദാസ്പുർ, 7. ഹോഷിയാർപുർ, 8. ജലന്ധർ, 9. കപൂർത്തല, 10. ലുധിയാന, 11. മൻസ, 12. മോഗ, 13. ശ്രീമുക്തസർ സാഹിബ്, 14. ഷഹീദ് ഭഗത്സിംഗ് നഗർ, 15. പട്യാല, 16. രൂപപ്നഗർ, 17. സംഗരൂർ, 18. സാഹിബ്സനഗർ അജിത്സിങ് നഗർ, 19. ബർണാല, 20. തരൺതരൺ, 21. ഫസിൽക്ക, 22. പഠാൻകോട്ട്, 23. മലേർ കോട്ല

**സംസ്ഥാന പുഷ്പം : ഗ്ലാഡിയോലസ്** (Gladiolus)
**സംസ്ഥാന വൃക്ഷം : ശീഷാം** (Shisham)
**സംസ്ഥാന പക്ഷി : നോർത്തേൺ ഗോഷാവ്ക്**
**സംസ്ഥാന മൃഗം : കൃഷ്ണമൃഗം**




### അതിർത്തികൾ

| | |
|---|---|
| വടക്ക് | – ജമ്മു കശ്മീർ |
| വടക്കുകിഴക്ക് | – ഹിമാചൽപ്രദേശ് |
| തെക്കുകിഴക്ക് | – ഹരിയാന |
| തെക്ക് | – രാജസ്ഥാൻ |
| പടിഞ്ഞാറ് | – പാക്കിസ്ഥാൻ |

റൈഹാൻ

# ആത്മ സംതൃപ്തി



**വെ**ൺകുതിരയും കുഞ്ഞും താഴ്‌വരയിലുള്ള മനോഹരമായ ഒരു പുൽമേട്ടിലാണ് ജീവിച്ചിരുന്നത്. അവിടെ രുചികരമായ പുല്ലും തെളിഞ്ഞ വെള്ളവും ഓടിക്കളിക്കാൻ ആവശ്യത്തിന് വിശാലമായ സ്ഥലവുമുണ്ടായിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുതിരക്കുഞ്ഞിന് ആ സ്ഥലം മടുത്തു തുടങ്ങി. ഒരു ദിവസം അവൻ അമ്മക്കുതിരയോട് പറഞ്ഞു:

'അമ്മേ, ഇവിടത്തെ പുല്ലു തിന്നു മടുത്തു. നമുക്ക് ദൂരെയുള്ള മറ്റേതെങ്കിലും പുൽമേട്ടിൽ പോയി താമസിക്കാം.'

'വേണ്ട മോനേ, നമുക്ക് സന്തോഷത്തോടെ ജീവിക്കാനുള്ള വിഭവങ്ങളെല്ലാം ഇവിടെയുണ്ടല്ലോ.' അമ്മ അവനോട് പറഞ്ഞുനോക്കി.

'ഇതിനെക്കാൾ രുചിയുള്ള പുല്ലും, തെളിഞ്ഞ വെള്ളവും, വിശാലമായ പുൽമേടുമുള്ള ഇടങ്ങൾ ധാരാളമുണ്ടാകുമല്ലോ.' അമ്മ പറഞ്ഞതു കേൾക്കാ



തെ കുതിരക്കുഞ്ഞ് വാശി പിടിക്കാൻ തുടങ്ങി.

ഒടുവിൽ, സഹിക്കവെയ്യാതെ അമ്മക്കുതിര സ്ഥലം മാറാൻ തീരുമാനിച്ചു. കുത്തനെയുള്ള കുന്നുകൾ കയറിയും ചുടുകാറ്റടിക്കുന്ന മരുഭൂമികൾ താണ്ടിയും മൂർച്ചയുള്ള പാറക്കെട്ടുകളിലൂടെ ഓടിയും ഒരു ദിവസം മുഴുവൻ അവർ എങ്ങോട്ടെന്നില്ലാതെ നടന്നു. ഒടുവിൽ, രണ്ടുപേരും ക്ഷീണിച്ചു. വിശപ്പും ദാഹവും കാരണം ഒരടിപോലും നടക്കാൻ വയ്യാതായി.

'അമ്മേ, നമ്മൾ എപ്പോഴാണ് അവിടെയെത്തുക?' കുതിരക്കുഞ്ഞ് അമ്മയോട് ചോദിച്ചു.

'അല്പദൂരം കൂടി നടന്നു നോക്കാം.' അമ്മക്കുതിര പറഞ്ഞു.

ഒടുവിൽ, രാത്രിയായപ്പോൾ രുചികരമായ പുല്ലും തെളിഞ്ഞ വെള്ളവുമുള്ള മനോഹരമായ ഒരു താഴ്വരയിൽ അവർ എത്തിച്ചേർന്നു. അവർക്ക് ആശ്വാസമായി.

'ഹായ്! എത്ര മനോഹരമായ സ്ഥലം.' അവൻ ആവേശത്തോടെ അവിടെയെല്ലാം തുള്ളിച്ചാടി ഓടാൻ തുടങ്ങി.

പ്രഭാതത്തിൽ, കുതിരക്കുട്ടി പ്രതീക്ഷയോടെ ചുറ്റും നോക്കിയപ്പോഴാണ് മനസ്സിലായത്, യാത്ര തുടങ്ങിയ അതേ പുൽമേട്ടിൽ തന്നെയാണ് തിരിച്ചെത്തിയിരിക്കുന്നതെന്ന്!

Current Affairs

## ബാലസാഹിത്യ പുരസ്കാരങ്ങൾ

കെ. സച്ചിദാനന്ദനും സന്തോഷ് ഏച്ചിക്കാനത്തിനും 2026 ലെ കേരള ബാലസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. സന്തോഷ് ഏച്ചിക്കാനത്തിന്റെ 'മിസാറു' എന്ന പുസ്തകത്തിന് ഉല്ലല ബാബു സ്മാരക സാഹിത്യ പുരസ്കാരവും കെ. സച്ചിദാനന്ദന്റെ 'പുഴുവായിരുന്നു ഞാൻ' എന്ന കൃതിക്ക് പി.കെ. ശങ്കരനാരായണൻ സ്മാരക ബാലസാഹിത്യ പുരസ്കാരവും ലഭിച്ചു.

## ഇന്ത്യ പിറകിൽ

2026 ലെ പരിസ്ഥിതി പ്രകടന സൂചികയിൽ ഇന്ത്യ 176-ാംസ്ഥാനത്ത്. 177 രാജ്യങ്ങളുടെ പട്ടികയിലാണ് ഇന്ത്യ പുറകോട്ട് പോയിരിക്കുന്നത്. പാരിസ്ഥിതിക ആരോഗ്യം, ആവാസവ്യവസ്ഥാസംരക്ഷണം, കാലാവസ്ഥാവ്യതിയാനത്തെ നേരിടാനുള്ള നടപടികൾ എന്നിവ വിലയിരുത്തിയാണ് പട്ടിക തയ്യാറാക്കുന്നത്.

## ആനന്ദ് ഇടക്കാല പ്രസിഡന്റ്

ഇന്ത്യൻ ചെസ്സ് ഇതിഹാസം വിശ്വനാഥൻ ആനന്ദ് അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷന്റെ (ഫിഡെ) ഇടക്കാല പ്രസിഡന്റായി ചുമതലയേറ്റു. യൂറോപ്യൻ യൂണിയന്റെ ഉപരോധ പട്ടികയിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് നിലവിലെ പ്രസിഡന്റ് താൽക്കാലികമായി സ്ഥാനമൊഴിഞ്ഞ സാഹചര്യത്തിലാണ് അഞ്ചുതവണ ലോക ചാമ്പ്യനായ ആനന്ദ് ചുമതലയേറ്റെടുത്തത്.

## വ്യോമക്കരുത്തിൽ ഇന്ത്യ മൂന്നാമത്

'വേൾഡ് ഡയറക്ടറി ഓഫ് മോഡേൺ മിലിറ്ററി എയർക്രാഫ്റ്റ്' പുറത്തുവിട്ട 2026 ലെ ഗ്ലോബൽ എയർ പവർ റാങ്കിംഗിൽ ചൈനയെ പിന്തള്ളി ഇന്ത്യ മൂന്നാം സ്ഥാനത്തെത്തി. സേനയുടെ ആധുനികീകരണം, യുദ്ധസന്നദ്ധത, ലോജിസ്റ്റിക്സ് പിന്തുണ, ആക്രമണ-പ്രതിരോധ ശേഷികൾ എന്നിവ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ്. അമേരിക്ക ഒന്നാംസ്ഥാനവും റഷ്യ രണ്ടാം സ്ഥാനവും നിലനിർത്തി.



## കേരളം പതിനേഴാമത്

കേന്ദ്ര നിതിആയോഗ് പുറത്തുവിട്ട പ്രഥമ നിക്ഷേപക സൗഹൃദസൂചികയിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും സംയുക്തപട്ടികയിൽ കേരളം പതിനേഴാം സ്ഥാനത്ത്. ഗുജറാത്താണ് പട്ടികയിൽ ഒന്നാമത്. മഹാരാഷ്ട്ര രണ്ടാമതും തമിഴ്നാട് മൂന്നാമതുമാണ്.

# മാതാപിതാക്കളെ അനുസരിക്കണം

'മക്കളേ, മഴയത്ത് കളിക്കാൻ പോവല്ലേ.' ഉമ്മ പറഞ്ഞു. അമീനും അജ്മലും അതു കേൾക്കാതെ കളിക്കാനോടി. 'മാതാപിതാക്കൾ പറഞ്ഞത് അനുസരിക്കണം. ഇല്ലെങ്കിൽ പിന്നീട് ദുഖിക്കേണ്ടി വരും.' ഉസ്താദ് പറഞ്ഞത് അമീൻ ഓർത്തു. കാര്യം അജ്മലിനെ ഓർമപ്പെടുത്തി. അമീൻ വീട്ടിലേക്ക് മടങ്ങി.

എന്നാൽ അജ്മൽ മടങ്ങാൻ കൂട്ടാക്കാതെ മുറ്റത്ത് കളി തുടർന്നു. അപ്പോഴാണ് ശക്തമായ കാറ്റിൽ അപ്പുറത്തെ പറമ്പിലുള്ള മരം കടപുഴകി അജ്മലിന്റെ തൊട്ടടുത്ത് വീണത്. അജ്മൽ പേടിച്ചോടി വീട്ടിലേക്കു കയറി. ഉമ്മ ഓടി വന്ന് അജ്മലിനെ കെട്ടിപ്പിടിച്ചു. 'എന്തെങ്കിലും പറ്റിയോ മോനേ' എന്നു ചോദിച്ച് നനഞ്ഞ തല തുവർത്തിക്കൊടുത്തു. പിന്നീടൊരിക്കലും അവർ ഇരുവരും ഉമ്മയുടെ സമ്മതമില്ലാതെ എങ്ങോട്ടും പോയില്ല.

*മിദ്‌ലാജ് വി എം, ക്ലാസ് 3,*
*സിദ്ഖുൽ ഇസ്‌ലാം മദ്റസ*



# ഭൂമിയുടെ ശ്വാസകോശങ്ങൾ

'മരങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങളാണ്' എന്ന് പറയാറുണ്ടല്ലോ. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തിന്റെ ഏറ്റവും മനോഹരമായ പ്രതീകമാണ് മരം. ലോകം ഇന്ന് മലിനീകരണവും അമിതമായ ചൂടും ജലക്ഷാമവും നേരിടുമ്പോൾ, ഓരോരുത്തരും മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടത് അനിവാര്യമായി മാറിയിരിക്കുകയാണ്.

ഒരു മഴക്കാലത്താണ് ഞാൻ വീട്ടുമുറ്റത്തൊരു മാവിൻതൈ നട്ടത്. സ്കൂളിലെ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഓരോ വിദ്യാർത്ഥിയും ഒരു മരമെങ്കിലും നട്ടുപിടിപ്പിക്കണമെന്ന് അധ്യാപകർ പറഞ്ഞിരുന്നു. അന്നാണ് ഒരു ചെറിയ തൈ എന്റെ കൈകളിലെത്തിയത്. കുഴിയെടുക്കാൻ ഉപ്പ സഹായിച്ചു. ഇത്തിരി ജൈവവളം ചേർത്ത് വളരെ ശ്രദ്ധയോടെ തൈ നട്ടു. ഓരോ ദിവസവും ഞാനതിന് വെള്ളമൊഴിച്ചു. മൃഗങ്ങളോ




മറ്റോ നശിപ്പിക്കാതിരിക്കാൻ ചുറ്റും ചെറിയ വേലി കെട്ടി. അത് വളരുന്നത് ഞാൻ സന്തോഷത്തോടെ നോക്കിക്കണ്ടു.
കാലം കടന്നുപോയി. ആ ചെറിയ തൈ മനോഹരമായ ഒരു മരമായി മാറി. ചെറുപക്ഷികൾ അതിന്റെ കൊമ്പുകളിൽ വന്നിരിക്കാനും കൂട്ടത്തോടെ ചിലക്കാനും തുടങ്ങി. ഉച്ചവെയിലിൽ ആ മരത്തണൽ വീട്ടുമുറ്റത്തെ കൂടുതൽ മനോഹരമാക്കി. എന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. നമുക്കിനിയും ഒരുപാട് മരങ്ങൾ നടാം. ഭൂമിക്ക് തണലൊരുക്കാം. പ്രകൃതിക്ക് കാവലേകാം.

✍ ***ആഇശ ലിബ പി വി,***
***ഐ എസ് പി സെക്കണ്ടറി മദ്റസ, വാഴക്കാട്***

# ഞാൻ നട്ട മരം

ഒരു വൈകുന്നേരം കാറ്റുകൊള്ളാനിറങ്ങിയതായിരുന്നു. അപ്പോഴാണ് മുറ്റത്തെ മാവിൽ നിറയെ മാമ്പഴങ്ങൾ തൂങ്ങിക്കിടക്കുന്നത് കണ്ണിൽപ്പെട്ടത്. അപ്പോൾ ഓർമ്മകൾ ഇത്തിരി പിന്നോട്ടോടി. ഏഴാം ക്ലാസ്സിൽ പഠിക്കുന്ന സമയം. ഉപ്പ ജോലി കഴിഞ്ഞുവന്നപ്പോൾ കൈയിൽ ഒരു പൊതിയുണ്ടായിരുന്നു. തുറന്നുനോക്കിയപ്പോൾ കണ്ടത് മധുരമൂറുന്ന മാമ്പഴങ്ങൾ! അത് മുറിച്ചു തിന്നപ്പോൾ ഉള്ളിലെ വിത്ത് എടുത്തുവെച്ചു. പിന്നെ ഉപ്പയുടെ സഹായത്തോടെ ഞാനത് വീട്ടുമുറ്റത്ത് കുഴിച്ചിട്ടു. എല്ലാ ദിവസവും അതിനു വെള്ളമൊഴിച്ചുകൊടുത്തു. ചെറിയ നാമ്പുകളായി... പിന്നെ വലിയ മരമായി അതു വളർന്നു.

'പ്ധും!' പെട്ടെന്നു വീണ മാമ്പഴമാണ് എന്നെ ഓർമ്മയിൽ നിന്നുണർത്തിയത്. ഇന്നാ മാവ് വളർന്ന്, ചില്ലകൾ പടർന്നു പന്തലിച്ച് നിറയെ കായ്ച്ചു നിൽക്കുന്നു. മരത്തിലിരുന്ന് ഒരു പക്ഷി മാമ്പഴം തിന്നുന്നത് ഞാൻ ശ്രദ്ധിച്ചു. ഞാൻ നട്ട മരത്തിൽ നിന്ന് മിണ്ടാപ്രാണികളും വിശപ്പകറ്റുന്നുണ്ടല്ലോ എന്നാലോചിച്ചപ്പോൾ എനിക്ക് ഏറെ സന്തോഷമായി. ഇനിയും അനേകം മരങ്ങൾ നട്ടു പിടിപ്പിക്കുമെന്ന പ്രതിജ്ഞയോടെ ഞാൻ വീടിനകത്തേക്കു കയറി.

✍ ***ഫാത്വിമ സി എം,***
***പ്ലസ് വൺ, നജ്മുൽഹുദാ മദ്റസ, ചപ്പാരപ്പടവ്***

# കത്തുകൾ

പ്രിയപ്പെട്ട
ബാലകുസുമത്തിന്,
ഞാൻ എല്ലാ മാസവും നിന്നെ കാത്തിരിപ്പാണ്. മണ്ടപ്പനും ഹോജയുമാണെന്റെ ഇഷ്ടകഥാപാത്രങ്ങൾ. നന്മയിലേക്ക് നയിക്കുന്ന സഫറിന്റെ ഉപദേശങ്ങളും എനിക്കിഷ്ടമാണ്. നല്ല കഥകളും കുട്ടിക്കവിതകളുമായി നീ വരുന്നതും കാത്ത്...

***മുഹമ്മദ് ഹയാൻ, ക്ലാസ് 5, സിറാജുൽ ഇസ്‌ലാം ഹയർസെക്കണ്ടറി മദ്റസ, പള്ളപ്പാടി***

പ്രിയപ്പെട്ട
ബാലകുസുമത്തിന്,
എല്ലാ മാസവും ഞാൻ നിന്റെ വരവും കാത്തിരിക്കും. മിസ്റ്റർ മണ്ടപ്പനാണ് ഞാനാദ്യം തിരയുക. സഫറിൽ നിന്ന് ഞാൻ ഏറെ നല്ല കാര്യങ്ങൾ പഠിച്ചു. ഹോജ വായിച്ചാൽ ചിരി വരും. നീ നൽകുന്ന ക്വിസ്സുകളും ഉപയോഗപ്രദമാണ്. കുഞ്ഞുമോന്റെയും അബൂട്ടിയുടെയും കഥകൾ ഞാൻ വായിക്കാറുണ്ട്. ഇംഗ്ലീഷ് കോർണർ ഉഗ്രനായിട്ടുണ്ട്. വേഗം വരണേ...

***ആഇശ ഷൻസ, ക്ലാസ് 7, മദ്റസതു ഉബയ്യുബ്നുകഅ്ബ്, മർകസ് നോളജ് സിറ്റി***

പ്രിയപ്പെട്ട
ബാലകുസുമത്തിന്,
വണ്ടുകൾ തേൻ നുകരാൻ പൂക്കളിലേക്കെന്ന പോലെ കഥകൾ തേടി ഞങ്ങൾ നിന്നിലേക്കെത്തുന്നു. നിന്റെ പേജുകൾ മറിച്ചു വായിക്കുന്നത് മധുരമുള്ള മിഠായി കഴിക്കുന്ന പോലെ! ഒത്തിരി പുതിയ കഥകളും കുട്ടിപ്പാട്ടുകളുമായി നീ വേഗം വരില്ലേ?

***ഫാത്തിമ ലബീബ, ക്ലാസ് 6, സിറാജുൽ ഇസ്‌ലാം ഹയർസെക്കണ്ടറി മദ്റസ, പള്ളപ്പാടി***

പ്രിയപ്പെട്ട
ബാലകുസുമത്തിന്,
ഞാൻ എല്ലാ മാസവും നിന്നെ വായിക്കാറുണ്ട്. നിന്റെ കഥകളും കവിതകളുമെല്ലാം ഹൃദയസ്പർശിയാണ്. നീ നൽകുന്ന പൊതുവിജ്ഞാനം ഏറെ ഉപകാരപ്രദം. പിന്നെ, അബൂട്ടിയുടെ കഥ വായിക്കുമ്പോൾ സന്തോഷവും സങ്കടവും ഒരുപോലെ വരും. അടുത്ത മാസവും നിന്നെ സൽക്കരിക്കാൻ ഒരുങ്ങിയിരിപ്പാണ് ഞാൻ. വേഗം വരുമെന്ന പ്രതീക്ഷയോടെ,

***മുഹമ്മദ് ശബീബ് ടി, മഅ്ദിൻ അറബിക് വില്ലേജ്***

# പദപ്രശ്നം 11

| | | | | | |
|---|---|---|---|---|---|
| 2 ജ | | | | | |
| 8 | | 1 | 6 | 5 | |
| 3 | | | | ക്ര | 9 |
| | 4 | | | | |
| 7 ത | | | | | |

**വലത്തോട്ട്**

1. ‘ഭൂമിയുടെ ശ്വാസകോശം’ എന്നറിയപ്പെടുന്ന മഴക്കാട്? (4)
2. സിജെപിയുടെ ജെൻസി സമരത്തിന് വേദിയായ ഡൽഹിയിലെ ചരിത്ര നിർമിതി? (6)
3. ‘കോഴിക്കോടിന്റെ ഗവി’ എന്നറിയപ്പെടുന്ന സ്ഥലം? (4)
4. പി കേശവദേവിന്റെ ‘ഓടയിൽ നിന്ന്’ എന്ന നോവലിലെ പ്രധാന കഥാപാത്രം? (2)
7. തമിഴ് ഭാഷ സംസാരിക്കുന്നവർ അറിയപ്പെടുന്നത്? (4)
8. സത്യം ചെരിപ്പിടുമ്പോഴേക്കും ....... ലോകം ചുറ്റി വരും? (2)

**താഴോട്ട്**

1. കേരളത്തിലെ ആദ്യ പോസ്റ്റ് ഓഫീസ് സ്ഥാപിതമായത് ഏതു ജില്ലയിൽ? (4)
2. ഗ്രിഗേറിയൻ കലണ്ടറിലെ ആദ്യമാസം? (4)
5. ‘സദാചാരചിന്തയുടെ പിതാവ്’ എന്നറിയപ്പെടുന്ന യവന ചിന്തകൻ? (4)
6. സിഎം വലിയുല്ലാഹിയുടെ ജന്മദേശം? (4)
9. ഇന്ത്യയുടെ ആദ്യത്തെ വാർത്താ വിനിമയ ഉപഗ്രഹം? (3)

## പദപ്രശ്നം 10 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 10 കു | 8 മം | 1 ലോ | ക | 3 സ | ഭ |
| ന്നി | 7 ഗോ | 6 വ | വ്വാ | ൽ | 5 ശ്വാ |
| ക്കു | ളി | ഡോ | 4 അ | സ്വ | സ |
| രു | യ | ദ | ര | ഭാ | കോ |
| 9 താ | 2 മ | ര | ണ | വം | ശം |

പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക.

അവസാന തീയതി: 2026 സെപ്തംബർ 10

## പദപ്രശ്നം 10 വിജയികൾ

1. മുഹമ്മദ് കെ, ക്ലാസ് 4, തഖ്‌വ മദ്റസ, ബ്ലാത്തൂർ
2. മുഹമ്മദ് അഫ്നാസ് പി, ക്ലാസ് 3, എളടി ഇംഗ്ലീഷ് സ്കൂൾ, പൂന്തോട്ടപ്പടി
3. തബ്ശീറ കെ.പി, ക്ലാസ് 7, മർകസ് മുഈനിയ്യ, പഴശ്ശി
4. നിദാ ഫാത്വിമ കെ, ക്ലാസ് 12, അൽമദ്റസത്തുൽ ബദ്‌രിയ്യ, ചെക്കിക്കുളം
5. ആഇശത്ത് മുശീറ എം.കെ, ക്ലാസ് 9, മുനീറുൽ ഇസ്‌ലാം മദ്റസ, മൈമൂൻനഗർ
6. റുബ റുശ്ദ എം.കെ, ക്ലാസ് 9, ശംസുൽ ഇസ്‌ലാം മദ്റസ, കോട്ടപ്പടി
7. മർയം സൈനുൽ ആബിദീൻ, ക്ലാസ് 4, മുജമ്മഅ് ഇംഗ്ലീഷ് സ്കൂൾ, തൃക്കരിപ്പൂർ
8. അബ്ദുല്ല കെ വി, ക്ലാസ് 7, ഖാദിസിയ്യ ഇംഗ്ലീഷ് സ്കൂൾ, ഫറോക്ക് ചുങ്കം
9. ഇസ്സ ഫാത്വിമ, ക്ലാസ് 9, മുനീറുൽ ഇസ്‌ലാം മദ്റസ, മൊഗ്രാൽ
10. ഹംദ നൂരിയ്യ എം എ, ക്ലാസ് 5, ഹുജ്ജതുൽ ഇസ്‌ലാം മദ്റസ, വെട്ടിങ്ങപ്പാടം




മനാസ്വിർ പട്‌ല

# അറിഞ്ഞിരിക്കാം പ്രഥമ ശുശ്രൂഷകൾ

**സെപതംബർ രണ്ടാം ശനിയാഴ്ച ലോക പ്രഥമ ശുശ്രൂഷ ദിനമാണല്ലോ. അനിവാര്യമായി അറിഞ്ഞിരിക്കേണ്ട ചില പ്രഥമശുശ്രൂഷകൾ പഠിച്ചുവെക്കാം.**

## ചെറിയ മുറിവുകൾ

കൈയിലോ കാലിലോ മുറിവു പറ്റിയാൽ ആദ്യം മുറിവ് ശുദ്ധമായ വെള്ളത്തിൽ കഴുകണം. തുടർന്ന് വൃത്തിയുള്ള തുണിയോ പഞ്ഞിയോ ഉപയോഗിച്ച് ഒപ്പിയുണക്കിയ ശേഷം ഒരു ബാന്റേജ് ഒട്ടിക്കുക.

## ചെറിയ പൊള്ളൽ

ചൂടുള്ള വസ്തുക്കളിൽ തൊട്ട് പൊള്ളലുണ്ടായാൽ ഉടൻ തന്നെ ആ ഭാഗത്ത് കുറഞ്ഞത് 10-15 മിനിറ്റെങ്കിലും തണുത്ത വെള്ളമൊഴിക്കണം. ഐസോ എണ്ണയോ പുരട്ടരുത്.

## മൂക്കിൽ നിന്ന് ചോര വന്നാൽ

നിവർന്നിരുന്ന് തല അല്പം മുന്നോട്ടാക്കുക. മൂക്കിന്റെ താഴെയുള്ള മൃദുവായ ഭാഗം വിരലുകൾ കൊണ്ട് അമർത്തിപ്പിടിക്കുകയും വായിലൂടെ ശ്വാസമെടുക്കുകയും ചെയ്യുക.

## പ്രാണികളുടെ ഉപദ്രവം

ഉറുമ്പോ കടന്നലോ തേനീച്ചയോ കുത്തിയാൽ

**അടിയന്തര സഹായത്തിന്**

ഏതൊരു അപകടമുണ്ടായാലും ഭയപ്പെടാതെ ഉടൻ തന്നെ മുതിർന്ന വരെ വിവരമറിയിക്കുക. വേണ്ടിവന്നാൽ വിളിക്കാൻ ആംബുലൻസ് നമ്പറായ 108 പോലെയുള്ള അടിയന്തര നമ്പറുകൾ ഓർത്തുവെക്കുക.



ആ ഭാഗത്ത് ഐസ് ക്യൂബ് തുണിയിൽ പൊതിഞ്ഞ് വെക്കുക. ഇത് വേദനയും വീക്കവും കുറയ്ക്കാൻ സഹായിക്കും.

**ഉളുക്ക്**

വീഴ്ചയാലോ മറ്റോ കാലോ കൈയോ ഉളുക്കിയാൽ ആ ഭാഗം അനക്കാതെ വെച്ച് അവിടെ തണുത്ത വെള്ളം ഒഴിക്കുകയോ ഐസ് വെക്കുകയോ ചെയ്യുക.

**കണ്ണിൽ കരടു വീണാൽ**

വൃത്തിയുള്ള തണുത്ത വെള്ളം ഉപയോഗിച്ച് കണ്ണ് കഴുകുക. കണ്ണ് തിരുമ്മാൻ പാടില്ല. തിരുമ്മുന്നത് കണ്ണിനകത്ത് പരിക്കേൽപ്പിക്കും.

**തലകറക്കം, തളർച്ച**

പെട്ടെന്ന് തലകറക്കം തോന്നിയാൽ അവിടെ ത്തന്നെ ഇരിക്കുകയോ കിടക്കുകയോ ചെയ്യുക. വായുസഞ്ചാരമുള്ള സ്ഥലത്ത് വിശ്രമിക്കുക, അല്പം വെള്ളം കുടിക്കുക.

**തൊണ്ടയിൽ കുടുങ്ങിയാൽ**

വല്ലതും തൊണ്ടയിൽ കുടുങ്ങിയാൽ ശക്തിയായി ചുമക്കാൻ ശ്രമിക്കുക. സംസാരിക്കാനോ ശ്വാസമെടുക്കാനോ ബുദ്ധിമുട്ടുണ്ടെങ്കിൽ ഉടൻ അടുത്തുള്ള മുതിർന്നവരുടെ സഹായം തേടുക.

**ക്ഷീണം**

വെയിലത്ത് കളിച്ച് ക്ഷീണവും ദാഹവും തോന്നിയാൽ തണലിലേക്ക് മാറിയിരുന്ന് വെള്ളമോ ഒ.ആർ.എസ് ലായനിയോ കുടിക്കുക.

# കള്ളന്റെ അത്യാഗ്രഹം




ഹിഹി!
കിട്ടിപ്പോയ്!
ഹിയ്യോ!
പ്ധും!!
ശബ്ദം കേട്ട് കർഷകൻ ഉണർന്നു.
ങേ?
കള്ളൻ!
നിന്നെ
ഞാൻ!
നില്ലെടാ
അവിടെ!
രക്ഷിക്കണേ....


കഷ്ടം! അവൻ ഓടി രക്ഷപ്പെട്ടല്ലോ.
തിരിച്ച് വീട്ടിലെത്തിയ കർഷകൻ കള്ളൻ മറന്നുവെച്ച ചാക്ക് തുറന്നുനോക്കി.
ങേ? സ്വർണ്ണമാല കൾ, വിലപിടിപ്പു ള്ള രത്നങ്ങൾ!
നേരം പുലർന്നാൽ ഈ തൊണ്ടിമുതൽ കൊട്ടാരത്തിൽ ഏൽപ്പിക്കാം.
അടുത്തദിവസം കർഷകൻ തൊണ്ടി മുതലുമാ യി കൊട്ടാരത്തിലെത്തി.
മഹാരാജൻ, ഇന്നലെ എ ന്റെ വീട്ടിൽ കയറിയ ക ള്ളൻ മറന്നുവെച്ച തൊ ണ്ടിമുതലാണിത്!
ആ മോഷ്ടാവിനെ എത്രയും വേഗം കൊട്ടാരത്തിൽ ഹാജരാക്കൂ... സത്യസ ന്ധനായ ഈ കർഷകന് 100 സ്വർണ നാണയങ്ങൾ സമ്മാനമായി നൽകൂ.
നന്ദി, തിരു മനസ്സേ!

# നിറം മാറുന്ന ആപ്പിൾ

**മുറിച്ചുവെച്ച ആപ്പിളിന്റെ നിറം അല്പസമയം കഴിഞ്ഞാൽ തവിട്ടുനിറമാകുന്നത് എന്തുകൊണ്ടാണ്? അത് ആപ്പിൾ കേടുവന്നതിന്റെ അടയാളമാണോ?**

**ആ**പ്പിൾ കേടാകുന്നതുകൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. അന്തരീക്ഷത്തിലുള്ള ഓക്സിജൻ പഴത്തിലുള്ള ചില ഘടകങ്ങളുമായി പ്രവർത്തിക്കുകയാണിവിടെ. ആപ്പിളിൽ അടങ്ങിയിരിക്കുന്ന എൻസൈമുകളാണ് അഥവാ, ജീവരാസ പ്രവർത്തനങ്ങളെ വേഗത്തിലാക്കുന്ന പ്രോട്ടീനുകളാണിതിനു കാരണം. ഈ പ്രക്രിയയെ 'എൻസൈമാറ്റിക് ബ്രൗണിംഗ്' (Enzymatic Browning) എന്ന് വിളിക്കുന്നു. ഏത്തപ്പഴം, ഉരുളക്കിഴങ്ങ്, വഴുതനങ്ങ എന്നിവ അരിഞ്ഞുവെച്ചാലും ഇതേ നിറം മാറ്റം കാണാൻ സാധിക്കും.




നാരങ്ങാനീരൊഴിച്ചാൽ ഈ നിറംമാറ്റത്തിന്റെ വേഗത കുറയും. നാരങ്ങാനീരിലെ പുളിപ്പ് എൻസൈമുകളുടെ പ്രവർത്തനശേഷി കുറയ്ക്കുന്നതാണ് കാരണം. മാത്രമല്ല, നാരങ്ങാനീരിലെ ചില ഘടകങ്ങൾ പഴത്തിലെത്തുന്നതിനു മുമ്പുതന്നെ ഓക്സിജനുമായി രാസപ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. അരിഞ്ഞുവെച്ച പഴങ്ങളിലും സലാഡുകളിലും നാരങ്ങാനീര് ചേർക്കുന്നതിലെ രഹസ്യവും ഇതുതന്നെ.

ഫ്രിഡ്ജിൽ സൂക്ഷിക്കുന്നതും ഈ രാസപ്രവർത്തനത്തിന്റെ വേഗത കുറയ്ക്കുന്നു. കുറഞ്ഞ താപനില പല രാസമാറ്റങ്ങളുടെയും വേഗത കുറയ്ക്കാറുണ്ട്.







## വഴി കാണിക്കാമോ?

കൂട്ടുകാർക്കൊപ്പം
കളിക്കുന്നതിനിടെ
കുഞ്ഞനെലി
കുഴിയിൽ വീണു.
രക്ഷപ്പെടുത്താൻ
കൂട്ടുകാർ
സഹായിക്കില്ലേ?



## ഒറ്റയാനാര്?

കൂട്ടത്തിൽ ഒരുപോലെയുള്ളവരെ കണ്ടെത്തി യോജിപ്പിക്കൂ.



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം

ചിത്രത്തിന് അനുയോജ്യമായ
നിറം നൽകി ഭംഗിയാക്കൂ...



# English *Corner*

## Story Line

## The World of Frogs

**A** large group of frogs lived in a village pond. They always enjoyed themselves, leaping around and croaking loudly. One day, a donkey carrying a bundle of firewood was crossing the pond. Suddenly, while walking through the water, its feet slipped and it fell into the pond. As the heavy load on its back became soaked with water, the donkey, unable to bear the weight, began to cry out in distress. Seeing this, the frogs in the pond said in amazement: "Are you making such a fuss just over falling into the water once? What would you do if you had to live in the water all the time like us?"

**ഗ്രാ**മത്തിലെ കുളത്തിൽ ധാരാളം തവളകൾ വസിച്ചിരുന്നു. എപ്പോഴും ചാടിത്തിമർത്ത് പേക്രോം...പേക്രോം... എന്ന് ഒച്ചവച്ച് അവർ ഉല്ലസിച്ചുകഴിഞ്ഞു. ഒരു ദിവസം വിറകുകെട്ട് ചുമന്നുകൊണ്ട് ഒരു കഴുത കുളം മുറിച്ചുകടക്കുകയായിരുന്നു. പെട്ടെന്ന് വെള്ളത്തിലൂടെയുള്ള നടത്തത്തിനിടെ കാലുകൾ വഴുതി കഴുത വെള്ളത്തിൽ വീണു.



മുതുകിലുള്ള വിറകുകെട്ടു കൂടി നനഞ്ഞു കുതിർന്ന പ്പോൾ ഭാരം താങ്ങാനാവാതെ കഴുത കരയാൻ തുടങ്ങി. കുള ത്തിലെ തവളകൾ അതു കണ്ട് അത്ഭുതത്തോടെ പറഞ്ഞു: 'ഒന്നു വെള്ളത്തിൽ വീണുപേ ായതിനാണോ നീ ഇങ്ങനെ ബഹളം വയ്ക്കുന്നത്? ഞങ്ങ ളെപ്പോലെ സദാസമയവും വെള്ളത്തിൽ കഴിയേണ്ടിവന്നി രുന്നെങ്കിൽ നീ എന്തു ചെയ്യു മായിരുന്നു?'



## 'A rare bird'

**അ**പൂർവ്വ വ്യക്തിത്വങ്ങളെ യും അപൂർവ്വ വസ്തുക്കളെയും കുറിക്കാൻ ഇംഗ്ലീഷിൽ ഉപ യോഗിക്കുന്ന ശൈലിയാണ് 'A rare bird'. ഒരപൂർവ്വ പക്ഷി എന്നർത്ഥം.

വേറിട്ട ഗുണങ്ങളുള്ള വ്യ ക്തികളെയോ കാര്യങ്ങളെയോ വിശേഷിപ്പിക്കാനാണ് ഇത് ഉപ യോഗിക്കുന്നത്. മലയാളത്തിൽ ഇതിനെ 'അപൂർവ്വ പ്രതിഭാസം', 'വിശിഷ്ട വ്യക്തി', അല്ലെങ്കിൽ 'അപൂർവ്വ വസ്തു' എന്നൊക്കെ അർത്ഥമാക്കാം.

ഉദാഹരണത്തിന്:

**In today's world, a politician who is completely honest is a rare bird.**

ഇന്നത്തെ ലോകത്ത്, പൂർണ്ണമായും സത്യസന്ധനായ ഒരു രാഷ്ട്രീയക്കാരൻ ഒരു അപൂ ർവ്വ പ്രതിഭാസമാണ്.

**A consummate freedom -fighter like Sardar Vallabhbhai Patel is a rare bird in Indian politics.**

സർദാർ വല്ലഭ്ഭായി പട്ടേലി നെപ്പോലുള്ള സ്വാതന്ത്ര്യസമര സേനാനികൾ ഇന്ത്യൻ രാഷ്ട്രീ യത്തിലെ അപൂർവ്വ വ്യക്തിത്വ ങ്ങളാണ്.

# Grammar

## Prepositions of Time

*A preposition of time is a preposition that allows you to discuss a specific time period, such as a date on the calendar, a time of day, or a duration.*




**At (Precise times)**

Eg:
- I have a meeting at 9:00 AM,
- We usually eat dinner at night.

**On (Days and dates)**

Eg:
- The test is on Monday.
- Her birthday is on August 15th.

**In (Longer periods)**

Eg:
- I was born in July.
- The house was built in 1998.

**For (Duration or length of time)**

Eg:
- She studied English for three years.

**Since (A starting point in the past up to the present)**

Eg:
- He has been working here since 2020.

**During (Something happening within a timeframe)**

Eg: • It rained heavily during the night.




at 6 o'clock

**By (A deadline or 'not later than')**

Eg: • Please submit the assignment by Friday.

**Until / Till (Continuing up to a specific point in time)**

Eg: • We will stay at the library until 8:00 PM.



**Before / After (Prior or subsequent occurrence)**

Eg: • Wash your hands before dinner and rest after eating.

***Do not use at, on, or in before time expressions that begin with this, last, next, or every.***

- Incorrect: I will call you on next Monday.
- Correct: I will call you next Monday.
- Incorrect: We traveled in last summer.
- Correct: We traveled last summer.



Master Imitable
A Sunday Morning,
Ma, isn't Rizwan here?
Yes, he is. He is sleeping.
Hasn't he woken up yet after sleeping last night?
He did. Performed Subah namaz and went back to sleep.
I will go wake him up.
After a little while,
Assalamu Alaikum.
Wa Alaikumussalam! Adil, when did you come?
I just got here. Why are you late waking up today?
I went to bed a bit late last night.


Must have been studying for the exams, right?
No, Adil. I was watching reels on my phone and lost track of time.
That is definitely not a good habit.
I know! But I just can't control it.
You should definitely practice digital fasting.
What is that, Adil?
It is the practice of abstaining from digital devices for a set period of time.
Does that mean I have to study during that time too?
It's not just about studying; you can go for a walk outside, enjoy nature, and so much more.
From now on, I will practice digital fasting, In sha Allah
Very good!

# WORD PUZZLE

Read the story 'The World of Frogs' and find out 12 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| F | R | O | G | D | A | Y |
| E | E | B | A | C | K | E |
| L | T | C | R | Y | E | M |
| L | A | R | G | E | D | I |
| V | W | E | I | G | H | T |
| V | I | L | L | A | G | E |
| B | U | N | D | L | E | G |

# Name me



V



V



V

ANS: Van, Vulture, Vegetables

# Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | | | | | | | 5 | 3 |
| 6 | | | | 2 | | 4 | | |
| | | 4 | | 6 | 1 | | | |
| | | | 2 | 3 | 4 | | | 1 |
| | 9 | 8 | | | 7 | | | |
| | | | 5 | | | 3 | 6 | 7 |
| | 6 | | | 5 | | | 9 | 2 |
| 1 | | 3 | 8 | | | 5 | | |
| 9 | 8 | | 4 | 7 | 2 | 1 | | |

## Sudoku

ANSWER

**2026 August Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 6 | 3 | 1 | 5 | 2 | 4 | 8 | 9 |
| 4 | 9 | 5 | 7 | 6 | 8 | 3 | 2 | 1 |
| 2 | 1 | 8 | 4 | 3 | 9 | 5 | 6 | 7 |
| 3 | 5 | 9 | 8 | 7 | 6 | 2 | 1 | 4 |
| 8 | 7 | 1 | 2 | 9 | 4 | 6 | 3 | 5 |
| 6 | 2 | 4 | 3 | 1 | 5 | 9 | 7 | 8 |
| 1 | 8 | 2 | 5 | 4 | 3 | 7 | 9 | 6 |
| 9 | 4 | 7 | 6 | 2 | 1 | 8 | 5 | 3 |
| 5 | 3 | 6 | 9 | 8 | 7 | 1 | 4 | 2 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**